SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM

Date of Publications : 25.05.2025
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:13 ISSUE NO:02 MAY 2025 ANNUAL SUBSCRIPTION Rs. 100/-

## സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസ്


ജയേഷ് കുര്യാക്കോസ്
സെക്രട്ടറി


ഐസക് സാമുവൽ
ട്രഷറർ


ഫിലിപ്പ് വടക്കൻ
ജോയിന്റ് ട്രഷറർ


ജെഫി ജേക്കബ്
യൂത്ത് കോർഡിനേറ്റർ

**ഒക്കലഹോമ:** സൗത്ത് വെസ്റ്റ് ബ്രദറൺ ഫാമിലി കോൺഫറൻസ് ഒക്കലഹോമയിൽ വച്ച് 2025 ജൂൺ 6 മുതൽ 8 വരെ നടത്തപ്പെടും. ഈ കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനായി എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. സഭകളുടെ കൂടിവരവുകളിലും കുടുംബ പ്രാർത്ഥനകളിലും ഈ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കേണം.

എഫെസ്യർ 3:20, 21 വാക്യങ്ങൾ അധികരിച്ച് സാധ്യതകളുടെ ദൈവം എന്ന വിഷയമാണ് ഈ കോൺഫറൻസിന്റെ തീം. സഹോദരന്മാരായ ജോസ് മാത്യൂസ്, നേറ്റ് ബ്രാംസെൻ, തോമസ് രാജൻ എന്നിവർ മുഖ്യ സന്ദേശങ്ങൾ നൽകും. ഇവരെ കൂടാതെ സന്ദർശകരായി നാട്ടിൽ നിന്നെത്തുന്ന ശുശ്രൂഷകന്മാരും ചുമതലപ്പെട്ട സഹോദരന്മാരും വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും.

എഫെസ്യർ 3:14-21 ഈ വാക്യങ്ങളിൽ പൗലോസ് എഫെസൊസിലെ സഭയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നത് നാം ഇവിടെ കാണുന്നു. ഈ പുസ്തകത്തിൽ അദ്ദേഹം പ്രാർത്ഥിക്കുന്ന രണ്ടാമത്തെ പ്രാർത്ഥനയാണിത്. (തുടർച്ച പേജ്......6)

## വൈ. എം. ഇ. എഫ്. കോട്ടയം

**കോട്ടയം:** വൈ. എം. ഇ. എഫ് കോട്ടയം സെന്റർ ഒരുക്കുന്ന പ്രതിമാസയോഗം 2025 മെയ് 18 ഞായർ 3.30 മുതൽ ചിങ്ങവനം ബ്രദറൺ ചർച്ചിൽ വച്ച് നടത്തപ്പെട്ടു. ബ്രദർ ജെയിംസ് സാമുവൽ മുഖ്യ സന്ദേശം നൽകി. സംഗീത ശുശ്രൂഷ, സാക്ഷ്യങ്ങൾ, സ്പെഷ്യൽ പ്രോഗ്രാം എന്നിവയും ഉണ്ടായിരുന്നു.

## പത്തനംതിട്ട ബ്രദറൺ കൺവൻഷൻ 2025

**പത്തനംതിട്ട:** ദൈവഹിതമായാൽ പത്തനംതിട്ട സുവിശേഷാലയത്തിന്റെ ചുമതലയിലും, പ്രാദേശിക ബ്രദറൺ സഭകളുടെ സഹകരണത്തിലും 2025 ഡിസംബർ 21 ഞായർ മുതൽ 28 ഞായർ വരെ നടത്തപ്പെടുന്ന കൺവൻഷന്റെ അനുഗ്രഹത്തിനായുള്ള മെയ് മാസത്തെ പ്രാർത്ഥനാ യോഗം 18 ഞായർ 3.30 മുതൽ കോന്നി സഭയുടെ ആഭിമുഖ്യത്തിൽ പ്രസ്തുത സഭാ ഹാളിൽ വച്ച് കൺവൻഷൻ നടത്തപ്പെട്ടു. അന്നേ ദിവസം സുവിശേഷകൻ റ്റി. ചാക്കോ ദൈവവചന ശുശ്രൂഷ നിർവ്വഹിച്ചു.

## ഹോസ്പിറ്റൽ മിനിസ്ട്രീസ് ഏകദിന സുവിശേഷ പ്രവർത്തനം

**കൈതക്കോട്:** ഹോസ്പിറ്റൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിലും കൈതക്കോട് ക്രിസ്ത്യൻ ബ്രദറൺ അസംബ്ലിയുടെ സഹകരണത്തിലും 2025 മെയ് 28 ബുധനാഴ്ച രാവിലെ 9.00 മുതൽ 8.30 വരെ കൈതക്കോട് ക്രിസ്ത്യൻ ബ്രദറൺ സഭാ ഹാളിൽ വച്ച് ഏകദിന സുവിശേഷ പ്രവർത്തനം നടത്തപ്പെടും. സുവി. ജോയി ഫിലിപ്പ് സുവിശേഷ പ്രവർത്തനത്തിൽ സന്ദേശം നൽകും. ഭവന സന്ദർശനം, പരസ്യ യോഗം, രാത്രി യോഗം, ഗാനശുശ്രൂഷ എന്നിവ പ്രധാന ശുശ്രൂഷകൾ ഉണ്ടായിരിക്കും. കൈതക്കോട് ക്രിസ്ത്യൻ ബ്രദറൺ സഭാ ഹാളിൽ വച്ച് വൈകിട്ട് 6.30 മുതൽ 8.30 വരെ രാത്രിയോഗവും ഉണ്ടായിരിക്കും. ഹോസ്പിറ്റൽ മിനിസ്ട്രീസ് ടീം ഗാനശുശ്രൂഷ നിർവ്വഹിക്കും.

## ഹെബ്രോൻ ചിൽഡ്രൻസ് ക്ലബ്ബിന്റെ 20- ാം വാർഷിക സമ്മേളനം

**തൃശൂർ:** ഹെബ്രോൻ ചിൽഡ്രൻസ് ക്ലബ്ബിന്റെ 20-ാം വാർഷിക സമ്മേളനവും ഹെബ്രോൻ ഗീതങ്ങൾ എന്ന പാട്ടുപുസ്തകത്തിന്റെ പ്രകാശനവും തൃശൂർ കിഴക്കേക്കോട്ട ബ്രദറൺ സഭാഹാളിൽ വച്ച് 2025 മെയ് 11 ഞായർ വൈകിട്ട് 6.00 മണി മുതൽ 8.30 വരെ സമ്മേളനവും പ്രകാശനവും നടത്തപ്പെട്ടു. ഇവാ. ബിനു സാമുവേൽ പത്തനംതിട്ട സമ്മേളനത്തിൽ സന്ദേശവും നൽകി. ഈ വാർഷിക സമ്മേളനത്തിൽ കുഞ്ഞുങ്ങളുടെ ആത്മീയ കാര്യപരിപാടികളും ഹെബ്രോൻ ആലാപനവും ഉണ്ടായിരുന്നു.

## ഐ.ബി.എഫ് കോൺഫറൻസ് ജൂലൈ 2 മുതൽ

**മരിയോൺ:** ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ രക്ഷകന്റെ നാമത്തിൽ ആശംസകൾ. നമ്മുടെ കർത്താവിന്റെ വരവ് തുടരുകയും കർത്താവ് ഇഷ്ടപ്പെടുകയും ചെയ്യുന്നുവെങ്കിൽ, 46-ാമത് ഐ. ബി. എഫ് വാർഷിക സമ്മേളനം ഇനിപ്പറയുന്ന രീതിയിൽ നടത്താൻ ഞങ്ങൾ പദ്ധതിയിടുന്നു. 2025 ജൂലൈ 2 ബുധൻ മുതൽ ജൂലൈ 6 ഞായർ വരെ ഇന്ത്യാന വെസ്ലിയൻ യൂണിവേഴ്സിറ്റി മരിയോൺ എന്ന സ്ഥലത്തു വച്ച് ഐ.ബി.എഫ് വാർഷിക സമ്മേളനം നടത്ത S¸ Sw "വിജയികളാകുക...സഭകൾക്കുള്ള പാഠങ്ങൾ" എന്നതാണ് ഈ വർഷത്തെ സമ്മേളനത്തിന്റെ വിഷയം. വിജയിക്കുകയും അവസാനം വരെ എന്റെ ഇഷ്ടം ചെയ്യുകയും ചെയ്യുന്നവന് വെളിപാട് 2:26 എന്നതാണ് വിഷയവാക്യം. സഹോദരന്മാരായ ജോൺ കുര്യൻ, രാജു കുഞ്ഞുമ്മൻ, സൈമൺ ജോർജ്, ജോൺസി മാത്യൂസ്, തോമസ് രാജൻ, സി. എം. ജേക്കബ് എന്നിവരാണ് പ്രഭാഷകർ. ഈ സമ്മേളനത്തിൽ പങ്കെടുക്കുവാനായി രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു ദയവായി http://www.ibfus.org സന്ദർശിക്കുക.

കർത്താവ് തന്റെ ജനത്തെ അനുഗ്രഹിക്കട്ടെ. മഹത്വപ്പെടുത്തട്ടെ എന്ന് ദയവായി ഈ ശുശ്രൂഷയ്ക്കായി പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്യുക. സമ്മേളനത്തെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങളുണ്ടെങ്കിൽ, ദയവായി ബ്രദർ ജോൺ ജോർജ് (617) 6053212 എന്ന നമ്പറിൽ ബന്ധപ്പെടുക. അല്ലെങ്കിൽ info@ibfus.org എന്ന ഇമെയിൽ വിലാസത്തിൽ ഇമെയിൽ ചെയ്യുക. ബ്രദർ റെജി മോൺ കല്ലിങ്കൽ ജീവവചനത്തോട് അറിയിച്ചു.



SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

ഡോ. സി.വി. വടവന
(ചീഫ് എഡിറ്റർ)
ഇ.എസ്. റെജി
(സബ് എഡിറ്റർ)
ഐസക്ക് സി. വടവന
(മാനേജിംഗ് എഡിറ്റേഴ്സ്)
ജസ്റ്റിൻ സി. വടവന
(സർക്കുലേഷൻ മാനേജർ)

പത്രാധിപ സമിതി

എ.വി. ജോൺ
ജിജോ അങ്കമാലി
ഡോ. സണ്ണി എഴുമറ്റൂർ
എൽസി ബേബി

ജീവവചനം

ഏറ്റവും പ്രചാരമുള്ള
ബ്രദറൺ വാർത്താ മാസിക
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

വിലാസം

ജീവവചനം
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ.
തിരുവല്ല - 689541
ഫോൺ: 9447126182

USA
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:
diretor@sathyamministry.org

AUSTRALIA
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

UAE
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

## തലക്കുറി

# വിവേകം

### ബ്രദർ സി.വി. വടവന



ലോകചരിത്രത്തിൽ ഇന്നോളം ജീവിച്ചിട്ടുള്ള മനുഷ്യരിൽവെച്ച് ഏറ്റവും ജ്ഞാനിയായിരുന്ന യിസ്രായേലിന്റെ രാജാവായിരുന്നു ശലോമോൻ. ഒരിക്കൽ ദൈവം പ്രത്യക്ഷനായി ശലോമോനോടു ചോദിച്ചു, "ഞാൻ നിനക്ക് എന്തു തരണം?" (2 ദിന. 1:7). പരിണിത പ്രജ്ഞനായ ശലോമോന്റെ മറുപടി വളരെ ചിന്തനീയമാണ്, "ഈ ജനത്തിനു നായകനായിരിക്കേണ്ടതിനു എനിക്കു ജ്ഞാനവും വിവേകവും തരേണമേ." ഇതു കേട്ടിട്ട് ദൈവംതന്നെ മറുപടി പറയുകയാണ്, "ഇതു നിന്റെ താല്പര്യമായിരിക്കയാലും ധനം, സമ്പത്ത്, മാനം, ശത്രുനിഗ്രഹം എന്നിവയോ ദീർഘായുസ്സോ ചോദിക്കാതെ ഞാൻ നിന്നെ രാജാവാക്കി വച്ച എന്റെ ജനത്തിനു ന്യായപാലനം ചെയ്യേണ്ടതിനു ജ്ഞാനവും വിവേകവും ചോദിച്ചിരിക്കയാലും ജ്ഞാനവും വിവേകവും നിനക്കു നല്കിയിരിക്കുന്നു" (2 ദിന. 1:11).

വിവേക ശൂന്യമായ പ്രവർത്തനങ്ങൾ കൊണ്ട് പോരടിക്കുന്ന ഇടയന്മാരുടെയും ശുശ്രൂഷക്കാരുടെയും മദ്ധ്യേ പ്രവർത്തിക്കുന്നവർക്ക് ശലോമോൻ പറഞ്ഞ വിവേകം അനിവാര്യമാണ്. ശുശ്രൂഷകരുടെ വൈകി വന്ന വിവേകം കഴിഞ്ഞ ദിവസം കണ്ണൂരിലെ ശുശ്രൂഷക്കാരുടെ ഇടയിലെ പോർവിളി അവസാനിപ്പിച്ചു എന്നു കേട്ടു. കുമ്പനാട്ടെ അവിവേകമായ നിലപാടുകളും തിരുത്തിയാൽ നന്നായിരുന്നു.

യിസ്രായേലിന്റെ മഹാനായ മഹാ രാജാവിന്റെ യഥാർത്ഥ ആവശ്യം നമ്മെ വളരെ ചിന്തിപ്പിക്കേണ്ടതാണ്. ഇന്നത്തെ മനുഷ്യർക്കു പൊതുവേ ഇല്ലാതെ പോയിരിക്കുന്ന ഒരു കാര്യമാണ് വിവേകം. ചിലർക്ക് ജ്ഞാനമുണ്ട് വിവേകമില്ല. ചിലർക്ക് വിവേകമുണ്ട് പക്ഷെ ജ്ഞാനമില്ല. ഇതു രണ്ടും നമുക്കത്യന്താപേക്ഷിതമാണ്. ശലോമോൻ ചോദിക്കുവാൻ സാദ്ധ്യതയുള്ള ചില കാര്യങ്ങൾ ദൈവം തന്നെ ചൂണ്ടിക്കാട്ടുകയാണ്. ബാങ്ക് ബാലൻസ്, എസ്റ്റേറ്റ്, ഇമേജ്, എതിരാളിയെ വീഴ്ത്തൽ, കൂട്ടത്തിൽ മരിക്കാതിരിക്കാനുള്ള മരുന്ന്- ഇന്നും അനേകർക്കും വേണ്ടിയത് ഇതൊക്കെ തന്നെയാണ്. പക്ഷെ ശലോമോനറിയാം, വിവേകമുണ്ടെങ്കിൽ ബാക്കി കാര്യമൊക്കെ മുറപോലെ നടക്കുമെന്ന്. മനുഷ്യ ജീവിതത്തിൽ വിവേകം വളരെ അനിവാര്യമായ ഒരു ഘടകമാണ്. ശലോമോൻ സ്വജീവിതത്തിൽ ഇതു പഠിച്ചതു കൊണ്ടായിരിക്കണം സദൃശവാക്യങ്ങളിൽ ഉടനീളം വിവേകത്തെക്കുറിച്ചദ്ദേഹം പ്രതിപാദിച്ചിരിക്കുന്നത്.

ഇന്നത്തെ നമ്മുടെ സമൂഹത്തിലും സഭാമണ്ഡലത്തിലും, കുടുംബത്തിലും വിവേകത്തിനു വേണ്ടത്ര സ്ഥാനമില്ല. വിവേകത്തിന്റെ വഴി ശുഭകരമായ വഴിയാണ്. സഭാപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ഏറെ ചോദിച്ചു വാങ്ങേണ്ട ഒരു വിശിഷ്ടസ്വഭാവമാണ് "വിവേകം" ഇങ്ങനെയുള്ളവർക്കേ ആലയം തകർക്കുന്നതിനേക്കാൾ ആലയം പണിയാൻ താല്പര്യം തോന്നുകയുള്ളൂ. വിവേകം ഒരു മരുന്നാണ്. പ്രായോഗിക ജീവിതത്തിൽ രോഗാണുഗ്രസ്തമായ ഭാഗങ്ങളിൽ യഥോചിതം പുരട്ടേണ്ട മരുന്ന്. ഇതു കൈവശമില്ലാതെ വായിൽ വരുന്നതെല്ലാം കോതയ്ക്കു പാട്ട് എന്നപോലെ പ്രവർത്തിക്കുകയും എഴുതുകയും പറയുകയും ചെയ്യുന്നത് സമൂഹത്തിൽ വിപത്തിന്റെ വിത്തുവിതയ്ക്കും. ആകയാൽ നമുക്ക് വിവേകം ദൈവത്തിൽ നിന്നും ചോദിച്ചുവാങ്ങാം. വേണ്ടുവോളം വാങ്ങാം. ജനത്തോടൊപ്പം കഴിയാൻ-ജനത്തെ നയിക്കാൻ-ജനത്തെ ശുശ്രൂഷിക്കുവാൻ- ജനത്തെ പരിപാലിക്കാൻ വിവേകത്തിന്റെ ചികിത്സ നമുക്കാരംഭിക്കാം.

**- ചീഫ് എഡിറ്റർ**

# വിജയികൾ

## ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ

**ലേഖനം**

**ഐസക് സാമുവേൽ**



ദൈവം നമ്മുടെ രക്ഷകനാണ്. അപ്പോസ്തലനായ പൗലോസ് വീണ്ടും ആവർത്തിച്ച് പറയുന്നു. ദൈവം സകല മനുഷ്യരുടെയും രക്ഷകനാണ്. പ്രത്യേകാൽ തന്നിൽ വിശ്വസിക്കുന്നവരെ രക്ഷിക്കുന്ന ദൈവമാണ്. യെഹസ്ക്കേൽ 36, 37 ൽ നാം വായിക്കുന്നു. നീ ക്ഷമിക്കുന്ന ദൈവമല്ലോ. ദൈവം രക്ഷയുടെ പുതിയ ഉടമ്പടി പ്രദർശിപ്പിച്ചു. യിരെമ്യാവ് 31. ദൈവം തന്റെ സ്വഭാവത്തിൽ തന്നെ രക്ഷകനാണ്. മരിച്ച പാപികൾക്ക് നിത്യജീവൻ കൊടുക്കണം എന്നതാണ് ദൈവത്തിന്റെ ഹൃദയാഭിലാഷം. അതാണ് ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനവും.

വിശ്വാസികൾ പുതുജനനത്താൽ ദൈവത്തിന്റെ നിത്യമക്കളായി തീർന്നവരാണ്. പാപി അന്ധകാരത്തിലും അന്ധതയിലും വീണ് വെളിച്ചത്തിൽ നിന്ന് അകന്നു. യേശുക്രിസ്തു മാത്രമാണ് യഥാർത്ഥ വെളിച്ചം. ശുശ്രൂഷയുടെ മഹത്വം നാം മനസ്സിലാക്കണം. അത് ക്രിസ്തുവിനെ പരിചയപ്പെടുത്തുന്നതിനും ക്രിസ്തുവിനെ സാക്ഷിക്കുന്നതുമാണ്. അത് ദൈവത്തിന്റെ മഹത്വത്തിനായി ദൈവം ചെയ്യുന്ന കാര്യമാണ്.

**അദ്ധ്യായം 5**

**പൗലോസ്: ഒരു ധന്യജീവിതം**

**ദൈവത്തിന്റെ ദാസനായ പൗലോസ്**

അപ്പൊസ്തോലനായ പൗലോസിന്റെ ചില സവിശേഷ ഗുണങ്ങളെക്കുറിച്ച് ഈ അദ്ധ്യായത്തിൽ ചിന്തിക്കുവാൻ ആഗ്രഹിക്കുന്നു.

**വിളിക്കപ്പെട്ട പൗലോസ് 1 കൊരി 1:1**

അപ്പൊസ്തലനായ പൗലോസ് പറയുന്നതു താൻ ദൈവഹിതപ്രകാരം അപ്പൊസ്തലനായി വിളിക്കപ്പെട്ടവനാണ്. അപ്പൊസ്തലന്മാരാണെന്നു സ്വയം പ്രഖ്യാപിക്കുന്ന ആളുകളെ ഇക്കാലത്ത് കാണുവാൻ കാഴിയും. മാത്രമല്ല വിശ്വാസികളെ വിശുദ്ധന്മാർ എന്നു വിളിച്ച് പൗലോസ് അഭിവന്ദനം ചെയ്യുന്നു. നാം ദൈവത്താൽ വിളിക്കപ്പെട്ടവരാണെങ്കിൽ നാം ദൈവത്തിന്റെ വിശുദ്ധന്മാരുമാണ്. നാം വിശുദ്ധന്മാരായത് വിശുദ്ധജീവിതം നയിക്കുന്നതുകൊണ്ടല്ല. നാം വിശുദ്ധന്മാരായി വിളിക്കപ്പെട്ടതുകൊണ്ടും യേശുവിന്റെ രക്തത്താലുള്ള നീതി നമ്മിൽ കണക്കിടുന്നതുകൊണ്ടും മാത്രമാണ്. ഒടുവിൽ പൗലോസ് പറയുന്നതു യേശു അവരുടെയും നമ്മുടെയും കർത്താവെന്നാണ്. ഇതിന്റെ അർത്ഥം യേശു എല്ലാവരുടെയും കർത്താവെന്നാണ്. ഇതിൽ ഒരു വിഭജനവുമില്ല. മറുപക്ഷവുമില്ല. വിളിച്ചു വേർതിരിച്ച എല്ലാവരുടെയും കർത്താവാണു യേശു. 1 കൊരിന്ത്യർ 1: 30,49

**ദൈവ മർമ്മം പ്രസംഗിക്കുന്നവൻ 1 കൊരിന്ത്യർ 2:1,7**

അപ്പൊസ്തലനായ പൗലോസ് കൊരിന്തിൽ ചെന്നതു വചനത്തിന്റെ ജ്ഞാന വൈഭവം കൂടാതെയാണ്. ദൈവത്തിന്റെ സാക്ഷ്യം അവരെ അറിയിച്ചതു ലളിതമായ നിലയിലായിരുന്നു. തന്റെ പ്രസംഗവിഷയം ക്രൂശിക്കപ്പെട്ട ക്രിസ്തു മാത്രം ആയിരിക്കണം എന്നു പൗലോസ് തീരുമാനിച്ചു. പരിശുദ്ധാത്മാവിനാലാണു ആർക്കും ദൈ വജ്ഞാനം വെളിപ്പെട്ടു കിട്ടുന്നത്. ദൈവാത്മാവിനാൽ ദൈവം നമുക്കു വെളിപ്പെടുത്തിത്തന്ന ചില കാര്യങ്ങളുണ്ട്. അവ ആത്മീയന്മാർക്കു ആത്മീകമായി തെളിയിച്ചു കൊടുക്കുന്നു. ആത്മീകനായ വ്യക്തി സകലത്തെയും വിവേചിക്കുന്നു. ക്രിസ്തുവിന്റെ മനസ്സറിയുന്നവർക്ക് അവനെ ഗ്രഹിക്കുവാൻ കഴിയും. ഒരു ദൈവപൈതലിനു ക്രിസ്തുവിന്റെ മനസ്സുണ്ടായിരിക്കും. 1 കൊരി 2:12, 12-16.

**പൗലോസിനു ലഭിച്ച ശുശ്രൂഷ**

പൗലോസ് കൊരിന്ത്യ വിശ്വാസികളോട് തന്റെ ശുശ്രൂഷയുടെ ശ്രേഷ്ഠത എന്തെന്നു വെളിപ്പെടുത്തുന്നു. പൗലോസിനു ലഭിച്ച ദൈവകൃപയുടെ അടിസ്ഥാനത്തിലാണു താൻ ശുശ്രൂഷിച്ചത്. ദൈവകൃപയില്ലാതെ ആത്മീക ശുശ്രൂഷ പ്രയോജനകരമായി നിറവേറ്റുവാൻ ആർക്കും കഴിയുന്നതല്ല.

1 കൊരി 15:10ൽ പൗലോസ് സാക്ഷ്യം പറയുന്നു. പൗലോസ് ആയിരിക്കുന്നതു തന്റെ കഴിവിലോ ബലത്തിലോ ബുദ്ധിയിലോ അല്ല. മറിച്ച് ദൈവത്തിന്റെ കൃപയാലാണ്. പൗലോസിനു ലഭിച്ച ദൈവകൃപ താൻ വ്യർത്ഥമാക്കിയില്ല. പൗലോസ് ലഭിച്ച ദൈവകൃപയുടെ മഹത്വം മനസ്സിലാക്കുകയും അതിൽ ആശ്രയിച്ച് ശുശ്രൂഷ നിറവേറ്റുകയും ചെയ്തു. തൻ നിമിത്തം മറ്റുള്ള ആരേയുംകാൾ അധികം അധ്വാനിച്ചു. പൗലോസ് പറയുന്നതു ഇതു ദൈവ കൃപയുടെ വ്യാപാരത്തിലാണ് എന്നാണ്. താൻ പ്രധാന ശില്പിയായി കൊരിന്തിൽ സഭയുടെ അടിസ്ഥാനമിട്ടു. അതിനു തന്നെ ബലപ്പെടുത്തിയതു ദൈവത്തിന്റെ കൃപയാണ് 1.കൊരിന്ത്യർ 18:10. അടുത്തതായി പൗലോസ് പറയുന്നതു താൻ ഇട്ട അടിസ്ഥാനം ക്രിസ്തുവിലാണ്.

ഭാഷ്യം (തുടർച്ച)

# സങ്കീർത്തനങ്ങൾ – 78

ഡോ.സി.വി.വടവന

**മേല്പറഞ്ഞ** കാരണത്താൽ ആസാഫ് ഒരു പ്രവാചകൻകൂടി ആണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. പിതാക്കന്മാർ പിൻതലമുറയോട് പറഞ്ഞിട്ടുള്ളവയെ ആസാഫ് തന്റെ ശ്രോതാക്കളെ ഓർമ്മിപ്പിക്കുന്നു. യിസ്രായേലിനോടുള്ള ബന്ധത്തിൽ സംഭവിച്ച കാര്യങ്ങൾ അനന്തര തലമുറകൾ അറിയേണ്ടതാണ്.

**വാ. 5 അവൻ യാക്കോബിൽ ഒരു സാക്ഷ്യം സ്ഥാപിച്ചു;.....മക്കളെ അറിയിക്കുവാൻ കല്പിച്ചു.** ജാതികൾക്കില്ലാത്തതും, യിസ്രായേൽ ജനത്തിനു മാത്രം ദൈവം കല്പിച്ചു നൽകിയതുമായ ന്യായപ്രമാണം അവർക്കുണ്ടായിരുന്നു (ആവ. 4:7–13; 5:3; റോമ. 2:14; 1 കൊരി. 9:21; പുറ. 10:2; 12:26–27; 13:8–15; ആവ. 4:9; 6:7, 20).

ദൈവം യാക്കോബിൽ ഒരു സാക്ഷ്യം സ്ഥാപിച്ചു. യിസ്രായേലിന് ഒരു ന്യായപ്രമാണം നിയമിച്ചു. അത് മക്കളെ അറിയിക്കണമെന്ന് കല്പിച്ചു. തലമുറ തലമുറയായി ഇതെല്ലാം കൈമാറിക്കൊണ്ടിരിക്കുന്നു. മത്സരികളായ പിതാക്കന്മാരെപ്പോലെ ആകാതിരിപ്പാനും ദൈവത്തിലാശ്രയിച്ച് അവന്റെ പ്രവൃത്തികൾ മറന്നു കളയാതെ കല്പനകൾ പ്രമാണിച്ച് ജീവിപ്പാനും ദൈവത്തോട് അവിശ്വസ്തത കാണിക്കാതിരിപ്പാനും അനന്തര തലമുറകൾക്ക് ഇടയാകും. ദൈവം കല്പിച്ചതനുസരിച്ച് ആദ്യതലമുറക്കാർ തങ്ങളുടെ അനന്തരഗാമികളോട് ദൈവത്തിന്റെ അരുളപ്പാടുകൾ ഗ്രഹിപ്പിക്കുകയുണ്ടായി.

**വാ. 6 വരുവാനുള്ള തലമുറ, ജനിക്കുവാനിരിക്കുന്ന മക്കൾ തന്നെ, അവയെ ഗ്രഹിച്ച് എഴുന്നേറ്റു തങ്ങളുടെ മക്കളോടറിയിക്കുകയും** ന്യായപ്രമാണം പഠിപ്പിക്കേണ്ടതിനുള്ള 7 കാരണങ്ങൾ:

(1) വരുവാനുള്ള തലമുറകൾ സത്യവും ദൈവത്തിന്റെ നിയമങ്ങളും അറിയേണ്ടതിന് (വാ. 6); (2) അടുത്ത തലമുറ പിന്നീടുള്ളവർക്ക് ഈ സത്യങ്ങൾ കൈമാറേണ്ടതിന്; (3) അവർ ദൈവത്തിൽ പ്രത്യാശിക്കേണ്ടതിന് (വാ. 7); (4) ദൈവത്തിന്റെ മഹത്തായ പ്രവൃത്തികൾ അവർ മറന്നുപോകാതിരിക്കേണ്ടതിന്; (5) അവർ ദൈവകല്പനകൾ അനുസരിക്കേണ്ടതിന്; (6) അവർ തങ്ങളുടെ പിതാക്കന്മാരെപ്പോലെ ശാഠ്യവും മത്സരവും ഉള്ള തലമുറ ആകാതിരിക്കേണ്ടതിന് (വാ. 8; ആവ. 9:24; 31:27; അ. പ്ര. 7:51–52) (7) അവർ ദൈവത്തോട് വിശ്വസ്ത മനസ്സുള്ളവരും ദൈവത്തിൽ ഉറപ്പുള്ളവരും ആയിരിക്കേണ്ടതിന് അവരുടെ പിന്നാലെ വന്ന തലമുറകൾ ഇതേകാര്യം ആവർത്തിക്ക മുഖാന്തരം ചരിത്രത്തിന്റെ ഒരു വലിയ പാഠം ഭാവികാലത്തുള്ളവർക്കായി ശേഷിക്കുന്നു.

**വാ. 7–8 അവർ തങ്ങളുടെ ആശ്രയം ദൈവത്തിൽ വയ്ക്കുകയും – അവിശ്വസ്തമനസ്സുള്ളോരു തലമുറയായിത്തീരാതിരിക്കുകയും ചെയ്യേണ്ടതിനു തന്നെ.** രണ്ട് വലിയ കാര്യങ്ങളാണ് മേല്പറഞ്ഞ ശുശ്രൂഷയാൽ സാധ്യമാകുന്നത്. തങ്ങളുടെ ആശ്രയം (പ്രത്യാശ) ദൈവത്തിൽ വയ്ക്കുന്നതിനും ദൈവത്തിന്റെ പ്രവൃത്തികളെ മറന്നുകളയാതിരിക്കുന്നതിനും തന്മൂലം പൂർവ്വ തലമുറക്കാരെപ്പോലെ ശാഠ്യമുള്ളവരായിത്തീരാതെ ദൈവത്തോട് വിശ്വസ്തത പാലിക്കുന്നതിനും വേണ്ടിയാണ് ചരിത്രാടിസ്ഥാനത്തിൽ നമ്മെ ഉപദേശിക്കുന്നത്.

ദൈവത്തോട് അവിശ്വസ്ത മനസ്സുള്ളൊരു തലമുറയായി തീരാതിരിക്കുന്നതിന് എല്ലാ കാലത്തുമുള്ളവർ ഭൂതകാലത്തെ ചരിത്രത്തിൽ നിന്നും ഉപദേശം ലഭിക്കേണ്ടവരാണെന്നുള്ള മഹൽ സത്യം ആസാഫ് യിസ്രായേലിന്റെ ആരംഭകാലം മുതലുള്ള സംഭവങ്ങളെ നിരത്തിക്കൊണ്ട് തുടരുന്നു.

ഒൻപതു മുതൽ പതിനാറ് വരെയുള്ള വാക്യങ്ങളിൽ യിസ്രായേലിന്റെ മത്സരവും ദൈവത്തിന്റെ കരുണയും പരസ്പരം വിഭിന്നമായി നിലകൊള്ളുന്നതിനെ വിവരിക്കുന്നു.

**വാ. 9–10 ആയുധം ധരിച്ച വില്ലാളികളായ എഫ്രയീമ്യർ....അവന്റെ ന്യായപ്രമാണത്തെ ഉപേക്ഷിച്ചു.** പിതാവായ യാക്കോബിന്റെ അനുഗ്രഹമനുസരിച്ച് യോസേഫിന്റെ മക്കളിൽ മനശ്ശെയെക്കാൾ ശ്രേഷ്ഠമായ സ്ഥാനത്ത് ഉയർത്തപ്പെട്ടത് എഫ്രയീം ആയിരുന്നു. എന്നുതന്നെയുമല്ല എഫ്രയീം വംശത്തിൽപ്പെട്ട യോശുവ മുഖാന്തരമാണ് ജനം കനാനിൽ പ്രവേശിച്ചത്. ഇത്രമാത്രം പദവി ലഭിച്ച എഫ്രയീം ഗോത്രക്കാർ പിന്തിരിഞ്ഞുപോയ ദുഃഖകരമായ സംഭവത്തെ സങ്കീർത്തനക്കാരൻ ഓർമ്മിപ്പിക്കുന്നു.

അവർ ദൈവത്തിന്റെ പ്രവൃത്തികളെ മറന്നുകളഞ്ഞു. എഫ്രയീമിന്റെ പരാജയം യിസ്രായേലിനെ മുഴുവൻ പ്രതിനിധീകരിക്കുന്ന സംഭവമത്രേ. മരുഭൂമിയിൽ മേശ ഒരുക്കുവാൻ ദൈവത്തിന് കഴിയുമോ എന്ന ചോദ്യം കൊണ്ട് അവർ ദൈവത്തിന് വിരോധമായി സംസാരിച്ചുവെന്നാണ് ആസാഫ് അഭിപ്രായപ്പെടുന്നത്. ദൈവത്തിന് കഴിയുമോ? അത് അപകടകരമായ ഒരു ചോദ്യമാണ്. ദൈവത്തിന് കഴിയുമെന്ന് അവന്റെ അത്ഭുത പ്രവർത്തികൾ തെളിയിച്ചതാണ്. അതുകൊണ്ട് ദൈവത്തിന് കഴിയുമോ എന്നല്ല എനിക്ക് വിശ്വസിക്കാൻ കഴിയുമോ എന്നുള്ളതാണ് പ്രശ്നം. അറിയിക്കയും വിശ്വസിക്കയും പ്രതീക്ഷിക്കുകയും ചെയ്യുന്നതാണ് നമ്മുടെ കർത്തവ്യം. അസാധ്യ കാര്യങ്ങളും വിചാരിച്ചിരിക്കാത്ത അത്ഭുതങ്ങളും ചെയ്യുന്ന ദൈവമായിരിക്കണം നമ്മുടെ ആശ്രയത്തിനാധാരം. നമ്മുടെ സകല പ്രതീക്ഷകളെയും അതിലംഘിച്ച് അവൻ നമ്മെ അനുഗ്രഹിക്കും എന്നാണ് ആൻഡ്രു മുറെയുടെ അഭിപ്രായം.

ഞെരുക്കത്തിൽ ഇരുന്ന ഒരു പട്ടക്കാരനെ സഹായിക്കുന്നതിന് ഒരാൾ റോജസ് ഹില്ലിനെ ഒരു നൂറു പവൻ ഏല്പിച്ചു. ഈ തുക ഒന്നായിട്ട് അയച്ചു കൊടുത്താൽ അത് ഒന്നോ രണ്ടോ ആഴ്ചകൊണ്ട് ചെലവഴിച്ച് കളയുമെന്ന് കരുതി ആഴ്ചതോറും അഞ്ച് പവൻ വീതം അയച്ചുകൊടുക്കുന്നതിനാണ് റോജസ് ഹിൽ തീരുമാനിച്ചത്. അങ്ങനെ ദാനം തുടരും എന്ന കുറിപ്പോടുകൂടി ആദ്യ വിഹിതം പട്ടക്കാരന് അയച്ചു കൊടുത്തു. അടുത്ത വാരവും അപ്രകാരം ദാനം തുടരും എന്ന വാഗ്ദാനത്തോടുകൂടി അഞ്ച് പവൻ പട്ടക്കാരന്റെ കരങ്ങളിലെത്തി. അങ്ങനെ വിസ്മരിക്കാനാവാത്ത വാഗ്ദാനത്തോടുകൂടി തപാൽ മാർഗ്ഗം ആ സഹായ ദൂതൻ പട്ടക്കാരന് അപ്പവും വെള്ളവും കൊടുക്കുന്നതിന് അയാളെ സന്ദർശിച്ചു കൊണ്ടിരുന്നു. ദൈവത്തിന്റെ ദയ മരുഭൂമിയിൽ മേശ ഒരുക്കിക്കൊണ്ടിരുന്നു.


## Marriage Advertisement

**Brethren parents prayerfully seeking alliance for their daughter working at KPMG currently on H1B visa in Michigan, USA and in active fellowship with Detroit brethren assembly. She has completed M.S. Accounting in US and MBA in Bengaluru.**

**She is aged 28(14/12/1996), 165cm. She was born and raised in Gulf.**

**We are settled down in Pathanamthitta, Kerala in fellowship with local brethren assembly.**

**We are looking for a Born Again, Baptised and God fearing boy.**

**If the Lord leads you, please send your son profile and a recent photo, when you contact us. Thank you.**

**God be with you.**

**Please contact:**
**Mobile : +91 9605346520 (Father).**
**Email : rajujohn2007@gmail.com.**
**USA contact- +1 (586) 788-4192 (Brother)**



# ദൈവത്തിന്റെ വിശ്വസ്തതയുടെ മിഷൻ സംഭവ കഥകൾ -ബി.ബി.ടി.ഐ

തുടരും......

**യാത്രാ പ്രസംഗകനും ബൈബിൾ അധ്യാപകനും:** 2012 ൽ, സുവിശേഷത്തിന് ഏറ്റവും വെല്ലുവിളി നിറഞ്ഞ രാജ്യങ്ങളിലൊന്നായ സൗദി അറേബ്യ സന്ദർശിച്ച ശ്രീ. സന്തോഷ് സന്ദർശന വേളയിൽ, അദ്ദേഹം സമ്മേളനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ദൈവവചനം പ്രസംഗിക്കുകയും ചെയ്തു. ചെന്നൈയിലെ സ്റ്റ്യൂവാർഡ്സ് ബൈബിൾ കോളേജിലും, തൃശ്ശൂരിലെ റെഹോബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലും, ദൈവവചനം പ്രസംഗിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി ഇന്ത്യയിലുടനീളം സഞ്ചരിക്കുമ്പോൾ, ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലും ദാനിയേൽ, വെളിപ്പാട് എന്നീ പുസ്തകങ്ങൾ പഠിപ്പിക്കുന്നതിലും അദ്ദേഹം സജീവമായി പങ്കെടുത്തു.

**2012**

**സിൽവർ ജൂബിലി:** ദൈവകൃപയാൽ, ബംഗാൾ ബൈബിൾ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് 25 വർഷത്തെ ശുശ്രൂഷ പൂർത്തിയാക്കി, ഓരോ ഘട്ടത്തിലും കർത്താവിന്റെ നന്മയ്ക്ക് സാക്ഷ്യം വഹിച്ചു.

**വീട്ടിലേക്കുള്ള തിരിച്ചുവരവ്:** ബിബിടിഐയിലെ മുൻ വിദ്യാർത്ഥികളിൽ ഒരാളായ ശ്രീ. ജെയിംസ് അനൽ, ഹൊസൂരിലെ ഏഷ്യൻ ക്രിസ്ത്യൻ അക്കാദമിയിൽ എം.ടി.എച്ച്., പൂർത്തിയാക്കിയ ശേഷം തിരിച്ചെത്തി. വിവിധ അനുബന്ധ ശുശ്രൂഷകളിൽ അദ്ദേഹം സഹായിക്കാൻ തുടങ്ങി.

**2014**

**എസ്ബിടിസിയുടെ ആരംഭം:** ദൈവവചനവും നൈപുണ്യം വികസനവും ഉപയോഗിച്ച് യുവ സഹോദരിമാരെ പരിശീലിപ്പിക്കുന്നതിനും സജ്ജരാക്കുന്നതിനുമായി സിസ്റ്റേഴ്സ് ബൈബിൾ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായി. ഡോ. എം.പി. ജോസഫ് (ഇന്ത്യയിലെ സ്റ്റ്യൂവാർഡ്സ് അസോസിയേഷന്റെ ചെയർമാൻ), ശ്രീ. വിജി റോഹബർട്ടസ്, ശ്രീ. ചന്ദപ്പിള്ള ഫിലിപ്പ്, ശ്രീ. തോമസ് രാജൻ (ഇന്ത്യയിലെ സ്റ്റ്യൂവാർഡ്സ് അസോസിയേഷന്റെ ജനറൽ സെക്രട്ടറി) എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

**2017**

**മെഡിക്കൽ ക്യാമ്പുകൾ:** ബിബിടിഐ & എഡ്വേർഡ്സ് ഇംഗ്ലീഷ് സ്കൂൾ സഹകരണത്തോടെ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പുകൾ സമൂഹത്തിലെ നിരവധി ദരിദ്രർക്കും സഹായം നൽകിയിട്ടുണ്ട്. (ഡോ. ലെസ്ലി മാത്യുവിന്റെ ലേഖനത്തിൽ കൂടുതൽ വിവരണങ്ങൾ).

**2018**

**ക്രിസ്ത്യൻ ബ്രദറൺ ചർച്ച്, ഗൈചന്ദ്:** ബിബിടിഐ ശുശ്രൂഷയുടെ വിപുലീകരണമായ ഗൈചന്ദിലെ പള്ളിക്കായി ഒരു അസംബ്ലി ഹാൾ നിർമ്മിച്ചു. മുമ്പ് അസംബ്ലി ഒരു ചെറിയ തകര മേൽക്കൂരയുള്ള ഹാളിലായിരുന്നു ഒത്തുകൂടിയത്.

**രണ്ട് ബാച്ച് സിസ്റ്റം:** ഇതുവരെ ബിബിടിഐ ഒറ്റ ബാച്ച് സിസ്റ്റത്തിലാണ് പ്രവർത്തിച്ചിരുന്നത്, എന്നാൽ 2018 മുതൽ രണ്ട് ബാച്ച് സിസ്റ്റം അവതരിപ്പിച്ചു, അതേസമയം ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ ഒരേസമയം ക്ലാസുകളിൽ പങ്കെടുക്കും.

**2020**

**മഹാമാരിയുടെ പ്രത്യാഘാതങ്ങൾ:** ലോകത്തെ പിടിച്ചുലച്ച മഹാമാരി ഇവിടെ ശുശ്രൂഷയെ മറച്ചുവെച്ചില്ല. മഹാമാരി കാരണം സ്കൂൾ മോശമായി ബാധിക്കപ്പെട്ടു. 500-ലധികം വിദ്യാർത്ഥികൾ സ്കൂൾ വിട്ടുപോയി, വരുമാനം കുറഞ്ഞു, പക്ഷേ സ്കൂൾ എല്ലാ ജീവനക്കാർക്കും ശമ്പളം നൽകാനുള്ള തീരുമാനത്തിൽ ഉറച്ചുനിന്നു. അതിനുശേഷം 11, 12 ക്ലാസുകൾക്ക് ISC അഫിലിയേഷൻ ഉറപ്പാക്കാനും തീരുമാനിച്ചു.

**2023**

എഡ്വേർഡ്സ് ഇംഗ്ലീഷ് സ്കൂളിലെ നിർദ്ധനരായ കുട്ടികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി 2023 മാർച്ചിൽ അനുഗ്രഹ ഹോസ്റ്റലും എല്ലെൻ ഹോസ്റ്റലും സ്ഥാപിതമായി. ഈ ഹോസ്റ്റലുകൾ SBTC യുടെയും ഗൈചന്ദ് ക്രിസ്ത്യൻ ബ്രദറൺ സഭയുടെയും ശ്രമഫലമായി നടത്തുന്നു.

**കാൻസറിനെ കീഴടക്കൽ**

**കുരിശുയുദ്ധം:** ശ്രീമതി റിനു സന്തോഷ് തോമസിന് ആക്രമണാത്മകമായ അണ്ഡാശയ അർബുദം കണ്ടെത്തി, പക്ഷേ ദൈവം നല്ലവനായിരുന്നു. ദുഷ്കരമായ സമയങ്ങൾ ഉണ്ടായിരുന്നിട്ടും, ദൈവം അവൾക്ക് അതിനെതിരെ പോരാടാൻ ആവശ്യമായ കൃപ നൽകിയിട്ടുണ്ട്. അവൾ നന്നായി പോരാടി, ശക്തി വീണ്ടെടുത്തു, ഇപ്പോൾ കർത്താവിനുവേണ്ടിയുള്ള സേവനം തുടരുന്നു.

**2024**

**കാലാതീതമായ ഒരു ആഗ്രഹത്തിന്റെ അനാച്ഛാദനം:**
ഒരു മെഡിക്കൽ പ്രോജക്റ്റിനായുള്ള ദീർഘകാല ദർശനം സ്ഥിരമായി യാഥാർത്ഥ്യത്തിലേക്ക് നീങ്ങുന്നു. പ്രിയ സുഹൃത്തുക്കളുടെ പ്രാർത്ഥനകളാലും പിന്തുണയാലും, ഗ്രേസ് മിഷൻ ആശുപത്രിയെ ജീവസുറ്റതാക്കാൻ ടീം ഉത്സാഹത്തോടെ പ്രവർത്തിക്കുന്നു.

ജംതാരയിലെ മെഡിക്കൽ പ്രോജക്റ്റിന് നിരവധി സമർപ്പിത വ്യക്തികളുടെയും സംഘടനകളുടെയും മാർഗ്ഗനിർദ്ദേശവും പിന്തുണയും ലഭിച്ചു, അതിൽ സ്റ്റ്യൂവാർഡ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അഡ്വ.ശ്രീ. രാജു എം. കോശി, തിരുവല്ല മെഡിക്കൽ മിഷൻ ബോർഡ് ശ്രീ. ജോർജ്ജ് പി. ജോൺ, ഡോ. ലെസ്ലി മാത്യു, ഡോ. അനിൽ പോൾ, താനെയിലെ ബെ ഥാനി ആശുപത്രിയിലെ ശ്രീ. ഇ. ജെ. സ്റ്റീഫൻ, ഡോ. സ്റ്റീഫൻ, ഡോ. വി ജയ് സേന, ഭാര്യ ഡോ. ഹദസ്സ, ആന്ധ്രാപ്രദേശിൽ നിന്നുള്ള ഡോക്ടർമാരുടെ സംഘവും ഉൾപ്പെടുന്നു. കൂടാതെ, ജാംതാരയിൽ നടന്ന വിവിധ മെഡിക്കൽ ക്യാമ്പുകളിൽ ഞങ്ങളോടൊപ്പം നിരവധി ഡോക്ടർമാരും സപ്പോർട്ട് സ്റ്റാഫും പ്രവർത്തിച്ചു, ഈ മഹത്തായ സംരംഭത്തിന് സംഭാവന നൽകി.




## പ്രാർത്ഥന സഹായം

ക്രിസ്തുവിൽ പ്രിയ സഹോദരനും കുടുംബത്തിനും, ഞങ്ങളുടെ സ്നേഹവന്ദനം,

ദൈവത്തിന്റെ അളവറ്റ കൃപയാൽ ഞാനും പ്രിസ്സില്ലയും ഞങ്ങൾ കുടുംബമായി ബിഹാറിൽ ഒരു ക്രിമിനൽ ജില്ലയായ ബെഗുസരായിയിൽ കഴിഞ്ഞ 33 വർഷങ്ങളായി കർത്തൃവേലയിലായിരിക്കുന്നു. അനേകരെ കർത്താവിങ്കലേക്ക് നേടുവാനും രണ്ട് സ്ഥലം സഭകളുടെ സ്ഥാപനത്തിലും ദൈവം ഞങ്ങളെ ഉപയോഗിച്ചു. അതികഠിനമായ പരിശോധനകളുടേയും കഷ്ടതകളുടേയും നടുവിൽ ധാരാളം കൃപകൾ നൽകി ദൈവം ഞങ്ങളെ ബലപ്പെടുത്തി.

2024 സെപ്തംബറിൽ പ്രിസ്സില്ലക്ക് പെട്ടെന്ന് ബിപി കൂടുകയും ഡോക്ടറെ കാണുകയും, രക്തപരിശോധനയിൽ കിഡ്നിയിൽ തകരാറുള്ളതായി അറിയുകയും, ഉടനെ തന്നെ ബിഹാറിൽ നിന്നും തുടർചികിത്സയ്ക്കായി തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിലും, നിംസ് മെഡിസിറ്റി നെയ്യാറ്റിൻകര ആശുപത്രിയിലും അഡ്മിറ്റാവുകയും ചെയ്തു. തുടർന്നുള്ള പരിശോധനയിൽ ക്രിയാറ്റിനിന്റെ അളവ് 10.3 ആവുകയും കിഡ്നിയുടെ പ്രവർത്തനം 5% മായി കുറയുകയും ഡയാലിസിസിന് നിർദ്ദേശിക്കുകയും ചെയ്തു. അതിൻപ്രകാരം ഇപ്പോൾ തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ ആഴ്ചയിൽ 3 തവണ ഡയാലിസിസ് ചെയ്തുകൊണ്ടിരിക്കുന്നു.

കഴിയുന്നതും വേഗം കിഡ്നിയുടെ അവയവമാറ്റ ശസ്ത്രക്രിയ ചെയ്യുവാനാണ് ഡോക്ടന്മാർ നിർദ്ദേശിച്ചിരിക്കുന്നത്. ഏകദേശം 30 ലക്ഷത്തോളം (30 Lakhs) ചെലവ് വരുന്ന ഈ ശസ്ത്രക്രിയ ഞങ്ങൾക്ക് വളരെ ഭാരമേറിയതാണ്. ആകയാൽ ഈ ആവശ്യം നിറവേറ്റപ്പെടുന്നതിന് ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും ആവശ്യമായ സാമ്പത്തിക സഹായവും കർത്തൃനാമത്തിൽ സഭയായും വ്യക്തികളായും അപേക്ഷിക്കുന്നു.(ഒരു ഗായിക കൂടിയായ പ്രിസ്സില്ലയുടെ പാട്ടുകൾ യൂറ്റ്യൂബിൽ ലഭ്യമാണ്).

Name-PRISCILLA BEN
Current A/C- 14210200000186
IFSC-IOBA0001421(Indian Overseas Bank, Kuttappuzha)
Gpay/PhonePe No- 9430416182

# പ്രത്യാശ തീരത്ത്

## സിസ്റ്റർ അന്നമ്മ ജോർജ്



**ഒറ്റപാലം:** ഒറ്റപ്പാലം ബ്രദറൺ അസംബ്ലിയിലെ ബ്രദർ എ. ഡി ജോർജിന്റെ ഭാര്യ സിസ്റ്റർ അന്നമ്മ ജോർജ് (85) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മെയ് 5 ന് പാലക്കാട് മലമ്പുഴ ബ്രദറൺ സെമിത്തേരിയിൽ നടത്തി.

**മക്കൾ:** ബ്രദർ അബീസ് ജോർജ് & സിസ്റ്റർ സുജ അബീസ്, സിസ്റ്റർ ഷാന്റി ജേക്കബ് & ബ്രദർ പി. കെ. ജേക്കബ്, ബ്രദർ സിബി ജോർജ് & സിസ്റ്റർ ലീന സിബി, ബ്രദർ ബിജു ജോർജ് & സിസ്റ്റർ ജെയ്മി ബിജു.

## സിസ്റ്റർ ഗ്രേസി സാമുവൽ



**തിരുവനന്തപുരം:** തിരുവനന്തപുരം പട്ടം ബ്രദറൺ അസംബ്ലി അംഗം ബ്രദർ പരേതനായ കെ. എം. സാമുവലിന്റെ ഭാര്യ സിസ്റ്റർ ഗ്രേസി സാമുവൽ (89) മെയ് 6 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ബാംഗ്ലൂരിൽ ഇന്ത്യൻ ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു.

**മക്കൾ:** സിസ്റ്റർ ഷീല ജോർജ് & ബ്രദർ ജോർജ് വർഗീസ്, സിസ്റ്റർ ഷീബ തോംസൺ & ബ്രദർ തോംസൺ ബി. തോമസ്, സിസ്റ്റർ മോന ഷാജി & ബ്രദർ ഷാജി തോമസ്, സിസ്റ്റർ ബ്ലെസി ജോർജ് & ബ്രദർ ജെറി ജോർജ് മാത്യു.

## സിസ്റ്റർ കുഞ്ഞുഞ്ഞമ്മ ജോൺ



**കുറ്റപ്പുഴ:** സിസ്റ്റർ കുഞ്ഞുഞ്ഞമ്മ ജോൺ (87) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.


## ബ്രദർ എം. എം. ജോർജ്



**കാസർഗോഡ്:** കാഞ്ഞങ്ങാട് ബ്രദറൺ അസംബ്ലി അംഗം ബ്രദർ എം. എം ജോർജ് (70) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മാങ്ങോട് സെമിത്തേരിയിൽ നടത്തി.

**മക്കൾ:** സിസ്റ്റർ ലിനെറ്റ് ജോർജ്, ബ്രദർ ബെൻ ജോർജ്, ബ്രദർ ആഷിഷ് ഡെന്നി, സിസ്റ്റർ പ്രിസി മാത്യു.

## സിസ്റ്റർ മരിയാമ്മ ചാക്കോ



**നീലഗിരി :** അയ്യങ്കാളി ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ മരിയാമ്മ ചാക്കോ (101) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നെല്ലിമാടുള്ള അയ്യങ്കാളിയിലെ ബ്രദറൺ അസംബ്ലിയുടെ സെമിത്തേരിയിൽ നടത്തി.

**മക്കൾ:** സിസ്റ്റർ ചിന്നമ്മ, സിസ്റ്റർ സൂസമ്മ, ബ്രദർ സക്റിയ, സിസ്റ്റർ എൽസി & ബ്രദർ ബെന്നി, ബ്രദർ മാത്യു, ബ്രദർ ജോർജ്ജുകുട്ടി, സിസ്റ്റർ ഷൈനി & ബ്രദർ അഗസ്റ്റിൻ കെ. തോമസ്, സിസ്റ്റർ ബിന്ദു & ബ്രദർ സാമുവൽ ജെ. സോളമൻ.

## സിസ്റ്റർ കെ. വി. മറിയം



**കരിങ്ങഴ:** സിസ്റ്റർ കെ. വി. മറിയം (77) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മെയ് 8 ന് കുറുപ്പംപടി ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

## ബ്രദർ സാമുവൽ മാത്യു



**ന്യൂയോർക്ക് :** റോക്ക് ലാൻഡ് ബിലീവേഴ്സ് അസംബ്ലി അംഗം ബ്രദർ സാമുവൽ മാത്യു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

## സിസ്റ്റർ മരിയമ്മ പൈലി



**വെങ്ങൂർ വെസ്റ്റ്:** മീമ്പാറ ബ്രദറൺ പള്ളി അംഗം സിസ്റ്റർ മരിയമ്മ പൈലി (101) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മീമ്പാറയിലെ ബ്രദറൺ സെമിത്തേരിയിൽ നടത്തി.

**മക്കൾ:** ബ്രദർ പി. പി. ഡേവിഡ് & സിസ്റ്റർ ആലീസ് ഡേവിഡ്, ബ്രദർ ബേബി പോൾ & സിസ്റ്റർ ലീലാമ്മ ബേബി, ബ്രദർ പി.പി. ജോർജ് & സിസ്റ്റർ ജെസ്സി ജോർജ്, ബ്രദർ സണ്ണി പോൾ & സിസ്റ്റർ ലീന സണ്ണി, സിസ്റ്റർ മോളി & ബ്രദർ പരേതനായ ജോളി.

## ബ്രദർ ജോൺ തോമസ്



**രാജസ്ഥാൻ:** ബിലീവേഴ്സ് ബ്രദറൺ അസംബ്ലി അംഗം ബ്രദർ ജോൺ തോമസ് (62) മെയ് 8 ന് കർത്തൃസസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

**ഭാര്യ:** സിസ്റ്റർ ഗ്രേസിക്കുട്ടി ജോൺ

**മക്കൾ:** ബ്രദർ ജെറിൻ ജോൺ

## സിസ്റ്റർ രമണി

**വള്ളിക്കുന്നം:** സിസ്റ്റർ രമണി (64) 2025 മെയ് 13 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ മെയ് 14 ന് വള്ളികുന്നം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

## സിസ്റ്റർ റോസമ്മ സാബു



**മുളന്തുരുത്തി :** എറണാകുളം ജില്ലയിലെ വട്ടപ്പാറയിലെ ബെഥേൽ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ റോസമ്മ സാബു (64) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ വട്ടപ്പാറയിലെ ബെഥേൽ ബ്രദറൺ അസംബ്ലിയിൽ നടത്തി.

**മക്കൾ:** സിസ്റ്റർ സ്നേഹ & ബ്രദർ ജോബിൻ, സിസ്റ്റർ സൗമ്യ & ബ്രദർ പ്രസ്റ്റിൻ, ബ്രദർ ഷാരോൺ.

## ബ്രദർ ടി. കെ. ഗോപിനാഥൻ



**മഴുക്കീർ:** മഴുക്കീർ ബ്രദറൺ പള്ളിയിലെ അംഗം ബ്രദർ ടി. കെ. ഗോപിനാഥൻ (68) മെയ് 3 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

**ഭാര്യ:** സിസ്റ്റർ ബീന ഗോപിനാഥൻ.

**മക്കൾ:** സിസ്റ്റർ സ്നേഹ ഗോപിനാഥൻ, ബ്രദർ സെൻ ഗോപിനാഥൻ.

## ബ്രദർ മഹേന്ദർ സിംഗ്



**ഹരിയാന:** ഹരിയാനയിലെ ഭിവാനി ബ്രദറൺ അസംബ്ലി അംഗം ബ്രദർ മഹേന്ദർ സിംഗ് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

**ഭാര്യ:** സിസ്റ്റർ ശകുന്തള മഹേന്ദർ സിംഗ്.

## ബ്രദർ മാമ്മൻ എബ്രഹാം



**ചെങ്ങന്നൂർ:** കല്ലിശ്ശേരി ഈസ്റ്റ് ബ്രദറൺ അസംബ്ലി അംഗം ബ്രദർ മാമ്മൻ എബ്രഹാം (ബേബിക്കുട്ടൻ-87) മെയ് 15 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

**ഭാര്യ:** സിസ്റ്റർ പൊന്നമ്മ എബ്രഹാം.

**മക്കൾ:** ബ്രദർ ഡോ. ജെയ്സൺ മാമ്മൻ, സിസ്റ്റർ ആനി ജെയ്സൺ, സിസ്റ്റർ ഷീബ ഷാജി & ബ്രദർ കെ ഐ. ഷാജിമോൻ.






# പ്രാർത്ഥന – സഹായം

## പ്രാർത്ഥനാ അഭ്യർത്ഥന

**രാജസ്ഥാൻ:** ബ്രദർ അലക്സിനു വേണ്ടി പ്രാർത്ഥിക്കുക. ബ്രദർ അലക്സ് കഴിഞ്ഞ ഒരു മാസമായി ശാരീരിക അസ്വസ്ഥതകൾ നേരിടുന്നതിനാൽ ജയ്പൂരിലെ എറ്റേണൽ ആശുപത്രിയിൽ ഐസിയുവിൽ കഴിയുകയും ഡോക്ടർമാർ സെറിബ്രൽ എഡീമയ്ക്കുള്ള ശസ്ത്രക്രിയ നടത്തുകയും പിന്നീട് ബ്രെയിൻ ഡീകംപ്രഷൻ ശസ്ത്രക്രിയ ചെയ്യുകയും ഒരു ട്യൂമർ നീക്കം ചെയ്ത് ബയോപ്സിക്ക് അയ്ക്കുകയും ചെയ്തു. പിന്നീട് ഒരു മുറിയിലേക്ക് മാറ്റിയെങ്കിലും അദ്ദേഹത്തിന്റെ തലയിലും മുഖത്തും വീക്കം ഉള്ളതിനാൽ വീണ്ടും ഐസിയുവിലേക്ക് മാറ്റുകയും ചെയ്തു. നിലവിൽ ശസ്ത്രക്രിയ്ക്ക് ശേഷം അദ്ദേഹത്തിന്റെ സംസാരത്തിലെ മാറ്റങ്ങൾ ഉൾപ്പെടെ ചില ശസ്ത്രക്രിയാനന്തര ലക്ഷണങ്ങൾ ഉണ്ടെന്ന് ഡോക്ടർമാർ അറിയിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം മറ്റൊരു പ്രധാന തലച്ചോറ് ശസ്ത്രക്രിയയ്ക്ക് വിധേയനായി. ഇപ്പോൾ ഐസിയുവിൽ നിന്ന് മുറിയിലേക്ക് മാറ്റുകയും ആരോഗ്യം ക്രമേണ മെച്ചപ്പെടുകയും ചെയ്യുന്നു. ബ്രദർ അലക്സിനു പൂർണ്ണമായ സൗഖ്യത്തിനായി ഏവരും പ്രാർത്ഥിക്കുക.

**തിരുവല്ല:** സിസ്റ്റർ മോളിക്കുവേണ്ടി പ്രാർത്ഥിക്കുക. സിസ്റ്ററിന് കാൽസ്യത്തിന്റെയും ഓക്സിജന്റെയും അളവ് കുറഞ്ഞതിനാൽ അവർ ഇപ്പോൾ കോഴഞ്ചേരിയിലെ ഗവൺമെന്റ് ആശുപത്രിയിൽ ഐസിയൂവിലാണ്. നിലവിൽ ഓക്സിജൻ പിന്തുണയിലാണ്. വേഗത്തിലും പൂർണ്ണമായും സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുക.

## ബ്രദർ കെ. ജെ ജോർജിനുവേണ്ടി പ്രാർത്ഥിക്കുക

**കോവിലൂർ:** ബ്രദർ കെ. ജെ ജോർജിനായി പ്രാർത്ഥിക്കുക. ബ്രദർ ജോർജിന് വൃക്ക സംബന്ധമായ ചില പ്രശ്നങ്ങൾ കാരണം ഒരു വൃക്ക നീക്കം ചെയ്യേണ്ടിവരുമെന്ന് ഡോക്ടർമാർ അറിയിച്ചു. ശസ്ത്രക്രിയക്ക് ശേഷം അനുകൂലമായ ബയോപ്സി ഫലം ലഭിക്കുകയും അദ്ദേഹത്തിന് ഒന്നാം ഘട്ട കാൻസർ ആണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു. പൂർണ്ണമായ രോഗശാന്തിക്കു വേണ്ടി ഏവരും പ്രാർത്ഥിക്കുക.

## സിസ്റ്റർ സൂസമ്മക്കുവേണ്ടി പ്രാർത്ഥിക്കുക

ബ്രദർ രാജൻ വി. തോമസിന്റെ ഭാര്യ സിസ്റ്റർ സൂസമ്മ രാജനുവേണ്ടി പ്രാർത്ഥിക്കുക. സിസ്റ്റർ സൂസമ്മയെ പെട്ടെന്നുണ്ടായ തലവേദനയും തലകറക്കവും തുടർന്നുണ്ടായ ഛർദ്ദിൽ കാരണം കഴിഞ്ഞ ദിവസം തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ ഐ.സി.യു വിൽ അഡ്മിറ്റ് ചെയ്യുകയും തുടർന്ന് രക്തം പരിശോധിക്കുകയും സി. റ്റി. സ്കാനും, എം.ആർ.ഐ. പരിശോധിക്കുകയും ചെയ്തു. ബ്രെയിനിൽ മൂന്ന് ഞരമ്പുകൾക്ക് ബ്ലഡ് ക്ലോട്ട് ഉണ്ടെന്ന് ഡോക്ടർമാർ സ്ഥിരീകരിച്ചു. ഒരു സ്ട്രോക്ക് ഉണ്ടാകുകയും തുടർന്ന് പരിശോധിക്കുകയും ചികത്സിക്കുകയും ചെയ്യുന്നു. എത്രയും വേഗത്തിലുള്ള പൂർണ്ണസൗഖ്യത്തിനായും പൂർണ്ണ ആരോഗ്യത്തിനായും ഏവരും പ്രാർത്ഥിക്കുക.

# സൗത്ത് വെസ്റ്റ് കോൺഫറൻസ്
# ചിന്താവിഷയം (എഫേസ്യർ 3:20-21)

ഈ ഭാഗത്തിൽ പൗലോസിന്റെ പ്രാർത്ഥനയിൽ നിന്ന് നമുക്ക് പഠികാൻ കഴിയുന്ന നിരവധി പാഠങ്ങളുണ്ട്.

16-19 വാകൃങ്ങളിൽ കുറഞ്ഞത് നാല് കാര്യങ്ങൾക്കായി പൗലോസ് പ്രാർത്ഥിക്കുന്നു: 16-ാം വാകൃത്തിൽ ഒരു ആന്തരിക ശക്തിക്കും, 17-ാം വാകൃത്തിലെ ഒരു ആന്തരിക സാന്നിദ്ധ്യത്തിനും, 17 മുതൽ 19 വരെയുള്ള വാകൃങ്ങളിൽ ഒരു ആന്തരിക ധാരണയ്ക്കും, 19-ാം വാകൃത്തിൽ ആന്തരികമായ ഒരു വ്യവസ്ഥയ്ക്കും വേണ്ടി അവൻ പ്രാർത്ഥിക്കുന്നു. ഒന്നാമതായി, അവന്റെ ആത്മാവിനാൽ അവർ ശക്തിയോടെ ശക്തിപ്പെടുത്തും. രണ്ടാമതായി, അവർക്ക് ക്രിസ്തുവിന്റെ സ്നേഹം മനസ്സിലാക്കാൻ കഴിയും. മൂന്നാമതായി, അവർ ദൈവത്തിന്റെ എല്ലാ പൂർണ്ണതയാലും നിറയാനും ദൈവത്തിന്റെ ജീവിതവും സ്വഭാവവും സദ്ഗുണങ്ങളും അവരിൽ പൂർണ്ണമായി വികസിപ്പിച്ചെടുക്കാനും.

16-ാം വാകൃത്തിൽ, 'അവന്റെ മഹത്വത്തിന്റെ സമ്പത്തിന് അനുസൃതമായി' എന്ന് പറയുന്നു. ഈ വാകൃത്തിന്റെ സന്ദർഭം നന്നായി മനസ്സിലാക്കാൻ, നമുക്ക് എഫെസ്യർ 1:17-19 ലേക്ക് തിരിയാം. എഫെസൊസിലെ സഭയ്ക്കുവേണ്ടിയുള്ള പൗലോസിന്റെ ആദ്യ പ്രാർത്ഥനയാണിത്. ഇവിടെ, അവർക്ക് ജ്ഞാനവും ദൈവത്തിന്റെ മഹത്തായ ശക്തിയും ഉണ്ടാകണമെന്ന് അവൻ പ്രാർത്ഥിച്ചു. എഫെസ്യർ 3:16 ൽ, ആ ശക്തിയാൽ അവർ ശക്തരാകാനും ക്രിസ്തുവിന്റെ മഹത്തായ സ്നേഹം അറിയാനും അവൻ പ്രാർത്ഥിക്കുന്നു. തുടർന്ന്, 'ആന്തരിക വ്യക്തിത്വത്തിൽ അവന്റെ ആത്മാവിനാൽ ശക്തിയാൽ ശക്തിപ്പെടുത്താൻ അവൻ നിങ്ങളെ അനുവദിക്കുമെന്ന് ' അവൻ തുടർന്നു പറയുന്നു. എഫെസ്യർ 1:13 വായിക്കാം. രക്ഷയിൽ വിശ്വാസികൾക്ക് പരിശുദ്ധാത്മാവിന്റെ മുദ്ര ലഭിച്ചുവെന്ന് പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. വിശ്വാസികൾക്ക് ശക്തിയുടെ ആന്തരിക ആത്മീയ ഉറവിടമായി ജീവിക്കാൻ ദൈവം പരിശുദ്ധാത്മാവിനെ നൽകിയിട്ടുണ്ട്.

17-ാം വാകൃത്തിൽ, "ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്, നിങ്ങൾ സ്നേഹത്തിൽ വേരൂന്നിയവരും അധിഷ്ഠിതരും ആകേണ്ടതിന്." നമുക്കെല്ലാവർക്കും വിശ്വാസികൾ എന്ന നിലയിൽ ക്രിസ്തുവുണ്ട്, എന്നാൽ ക്രിസ്തുവിനെ നമ്മിലൂടെയും ജീവിക്കാൻ അനുവദിക്കണമെന്നും നമ്മുടെ ഹൃദയങ്ങളെ അവന്റെ ഭവനമാക്കണമെന്നും പൗലോസ് ആഗ്രഹിക്കുന്നു. യോഹന്നാൻ 14:23 ൽ നാം ഇത് കാണുന്നു. ക്രിസ്തുവിനെ നമ്മുടെ ഹൃദയത്തിന്റെ ഒരു ചെറിയ മുറിയിലോ മൂലയിലോ പ്രതിഷ്ഠിക്കാൻ പലപ്പോഴും നാം ശ്രമിക്കുന്നു. നമ്മുടെ ഹൃദയം മുഴുവനും അവനു സമർപ്പിക്കുന്നതിൽ നാം പരാജയപ്പെടുന്നു. ക്രിസ്തു നമ്മുടെ ഹൃദയം മുഴുവനും നമ്മുടെ ഉള്ളിന്റെ എല്ലാ ഭാഗങ്ങളും ഉൾക്കൊള്ളാൻ ആഗ്രഹിക്കുന്നു. ഗലാതൃർ 2:20 ൽ, നമ്മളല്ല ക്രിസ്തുവാണ് നമ്മിൽ വസിക്കുന്നത് എന്ന് നാം ഇവിടെ വായിക്കുന്നു. നമ്മുടെ ഉള്ളിലുള്ളത് നമ്മുടേതല്ലെന്ന് നാം തിരിച്ചറിയണം. നമ്മുടെ സ്നേഹപൂർവകമായ സമർപ്പണവും അനുസരണവും കൂട്ടായ്മയും ദൈവം ആഗ്രഹിക്കുന്നു. അവൻ നമ്മുടെ ഹൃദയങ്ങളുടെ മേൽ കർത്താവായിരിക്കാനും നാം ചിന്തിക്കുന്നതും ആസൂത്രണം ചെയ്യുന്നതും എല്ലാം ഭരിക്കാനും ആഗ്രഹിക്കുന്നു. നാം നമ്മുടെ ഹൃദയത്തിന്റെ യജമാനന്മാരാകരുത്, പകരം നമ്മിൽ വസിക്കുന്ന ക്രിസ്തുവിന്റെ ദാസന്മാരായിരിക്കണം. "വിശ്വാസത്താൽ" എന്ന് പൗലോസ് പറയുമ്പോൾ, യഥാർത്ഥ ക്രിസ്തീയ ജീവിതം വിശ്വാസത്തിന്റെ ജീവിതമാണെന്നും ക്രിസ്തുവിൽ വിശ്വാസവും ഉണ്ടെങ്കിൽ മാത്രമേ അവൻ നമ്മുടെ ഹൃദയങ്ങളിൽ വസിക്കുകയുള്ളൂവെന്നും പറയുന്നു. തുടർന്ന്, അവൻ പറയുന്നു "സ്നേഹത്തിൽ വേരൂന്നിയതും നിലകൊള്ളുന്നതും". ദൈവവുമായുള്ള നമ്മുടെ ബന്ധത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം സ്നേഹമാണ്. 1 കൊരിന്ത്യർ 13:13 ൽ നാം ഇത് വായിക്കുന്നു. നമ്മുടെ ജീവിതം കെട്ടിപ്പടുക്കേണ്ട ഉറച്ച അടിത്തറ പോലെയാണ് സ്നേഹം.

18-ാം വാകൃത്തിൽ, "എല്ലാ വിശുദ്ധന്മാരോടും അതിന്റെ വീതിയും നീളവും ആഴവും ഉയരവും എന്താണെന്ന് മനസ്സിലാക്കാൻ"എന്ന് പറയുന്നു. ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള അറിവ് സ്നേഹത്തെ പ്രചോദിപ്പിക്കുന്നു. സ്നേഹത്തിൽ വേരൂന്നിയതും അടിയുറച്ചതും ദൈവത്തെ സ്നേഹിക്കേണ്ടതുപോലെ സ്നേഹിക്കാനും അവന്റെ സ്നേഹത്തിന്റെ മഹത്വം നാം മനസ്സിലാക്കേണ്ടതുണ്ട്. അവന്റെ സ്നേഹം ലോകത്തെക്കാൾ വിശാലമാണ്. അത് വളരെ വിശാലമാണ്, നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ വീണ്ടെടുക്കാൻ അവൻ സ്വന്തം ജീവൻ നൽകി. ഇത് വളരെ നീണ്ടതാണ്, ഞങ്ങൾക്ക് ഒരിക്കലും അതിന്റെ അവസാനത്തിൽ എത്താൻ കഴിയില്ല. ക്രിസ്തുവിന്റെ സ്നേഹം ഭൂതകാലത്തെ നിതൃതയിൽ നിന്ന് അനന്തമായ ഭാവിയിലേക്ക് വ്യാപിക്കുന്നുവെന്ന് അതിന്റെ ദൈർഘ്യം നമ്മെ ഓർമ്മിപ്പിക്കുന്നു. ലോകസൃഷ്ടിക്ക് മുമ്പ് അത് ഉണ്ടായിരുന്നു, ഈ ലോകത്തിന്റെ നാശത്തിന് ശേഷവും അത് നിലനിക്കും. അവന്റെ സ്നേഹം എന്നേക്കും നിലനിൽക്കുന്നു. സങ്കീർത്തനങ്ങൾ 103:11 നമ്മോടുള്ള അവന്റെ സ്നേഹം ഭൂമിയിൽ നിന്ന് ആകാശം പോലെ ഉയർന്നതാണെന്ന് നാം ഇവിടെ കാണുന്നു. അത് വളരെ ഉയർന്നതും ആഴമേറിയതുമാണ്, നമ്മുടെ പാപങ്ങൾക്കായി ഏറ്റവും ആഴത്തിലുള്ള മരണം, കുരിശിലെ മരണം, അനുഭവിക്കാൻ ക്രിസ്തു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നു. അവന്റെ സ്നേഹം മനുഷ്യഹൃദയത്തിന്റെ ആഴമേറിയ ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നുവെന്ന് അതിന്റെ ആഴം നമ്മെ ഓർമ്മിപ്പിക്കുന്നു. "ദൈവത്താൽ സ്നേഹിക്കപ്പെടാൻ ഞാൻ ആരാണ്?" എന്ന് നാം പലപ്പോഴും ചിന്തിക്കാറുണ്ട്. എന്നാൽ നമ്മൾ ആരായാലും എന്ത് ചെയ്താലും ദൈവം നമ്മെ സ്നേഹിക്കുന്നു.

മാനുഷിക ധാരണകൾ അനുസരിച്ച്, ഈ കാര്യങ്ങൾ ശരിക്കും സാധ്യമാണോ എന്ന് വിശ്വാസികൾ സംശയിച്ചേക്കാം, എന്നാൽ ദൈവം സാധ്യതകളുടെ ദൈവമാണെന്ന് പോൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന് എന്തും ചെയ്യാൻ കഴിയും, സങ്കൽപ്പിക്കാൻ കഴിയുന്നതിലും അപ്പുറം അവൻ അവ ചെയ്യുന്നു. ദൈവത്തിന്റെ കഴിവിൽ പൗലോസിന് ആത്മവിശ്വാസമുണ്ടായിരുന്നു. നാം വിചാരിക്കുന്നതിലും കൂടുതൽ ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്തിട്ടുണ്ട്. എല്ലാം നമ്മിൽ പ്രവർത്തിക്കുന്ന ശക്തികൊണ്ടാണ്. നമുക്ക് എല്ലായ്പ്പോഴും ശരിയായ പരിഹാരം ഉണ്ടായിരിക്കില്ല, ചിലപ്പോൾ നമ്മുടെ ജീവിതത്തിനായുള്ള ദൈവഹിതത്തിന്റെ വഴിയിൽ നാം എത്തിച്ചേരും. ദൈവത്തെ സംശയിക്കാൻ നമ്മുടെ വിശ്വാസത്തെ അനുവദിക്കരുത്. നമുക്ക് എല്ലാം അവനു നൽകണം. ഭയവും സംശയങ്ങളും ഉണ്ടാകുമ്പോഴെല്ലാം, ദൈവത്തിന് എല്ലാ കാര്യങ്ങളും ചെയ്യാൻ കഴിയുമെന്ന് നാം നമ്മെത്തന്നെ ഓർമ്മിപ്പിക്കേണ്ടതുണ്ട്. ഈ വാകൃത്തിൽ പൗലോസ് പ്രാർത്ഥിച്ച അതേ അഭ്യർത്ഥനകൾ നമ്മുടെ ജീവിതത്തെക്കുറിച്ച് പ്രാർത്ഥിക്കാം, കൂടാതെ ദൈവവുമായുള്ള നമ്മുടെ നടത്തത്തിൽ ശക്തരാകാൻ പൗലോസിൽ നിന്നുള്ള ഈ പാഠങ്ങൾ പ്രയോഗിക്കുക. ദൈവത്തിന്റെ നാമം മഹത്വപ്പെട്ടെ!

## ബൈബിൾ സെമിനാർ നടത്തി

**കല്ലിശ്ശേരി:** ക്രിസ്തീയ സാഹിത്യ കൂട്ടായ്മ സംഘടിപ്പിക്കുന്ന ബൈബിൾ സെമിനാർ 2025 മെയ് 3 ശനിയാഴ്ച ഹെബ്രോൻ ഹാൾ കല്ലിശ്ശേരി വെച്ച് നടത്തപ്പെട്ടു. വൈകുന്നേരം 3.30 മുതൽ 6.30 വരെയാണ് സെമിനാർ നടത്തപ്പെട്ടത്. ഇവാ. എം.വി. ബാബുവാണ് അധ്യക്ഷത വഹിച്ചത്. സെമിനാറിലെ പ്രബന്ധാവതരണങ്ങൾ: ബ്രദർ ജെ.സി. ദേവിന്റെ സാഹിത്യ സംഭാവനകൾ, ക്രൈസ്തവസഭ ഇരുപതു നൂറ്റാണ്ടുകളിലൂടെ (ഇവാ. ജോർജ് കോശി), ബ്രദർ ജെ.സി. ദേവിന്റെ നവോത്ഥാന നിലപാടുകൾ (ഇവാ. രാജൻ തോമസ്), ബ്രദർ ജെ. സി. ദേവിന്റെ സമഗ്ര സംഭാവനകൾ (ഡോ. ഒ. ജെ. ജോൺ), സുവിശേഷകനായ ജെ. സി. ദേവ് (ഡോ. പി. എം. ജോർജ് കുട്ടി).

## മോചനം 2025

**വട്ടപ്പാറ:** ചക്കണാംപൊയ്ക ബ്രദറൺ ചർച്ചും അഗപ്പെ ഗോസ്പൽ മിനിസ്ട്രീസ് തൃശൂരും ചേർന്ന് ഒരുക്കുന്ന ലഹരി മോചന സന്ദേശവും സംഗീത സന്ധ്യയും മെയ് 2 മുതൽ 4 വരെ (വെള്ളി, ശനി, ഞായർ) വട്ടപ്പാറയിൽ നടത്തപ്പെട്ടു. സുവിശേഷകന്മാരായ എം. ആർ ഷൈജു ചാലക്കുടി, പി. സി. റജി തൃശൂർ, എ. വി. എബ്രഹാം പുല്ലാട്, ഗോഡ്ലി കുര്യൻ ആനിക്കാട്, രാജൻ തോമസ് അടൂർ, ഡോ. പി. എം. ജോർജ്ജു കുട്ടി ചെങ്ങന്നൂർ എന്നിവർ പ്രസംഗിച്ചു. ബ്രദർ സെബാസ്റ്റ്യൻ വെങ്കോട്ട, ബ്രദർ ലിജോയി പി ചാക്കോ, ബ്രദർ ജോബി പാമ്പാടി, ബ്രദർ അജി കുറ്റൂർ, ബ്രദർ ആലിച്ചൻ ആന്റണി, ബ്രദർ സാജു റാണിമുടി എന്നിവരുടെ സംഗീത ശുശ്രൂഷയും ഉണ്ടായിരുന്നു.

## സുവിശേഷ യോഗങ്ങൾ

**മഞ്ചവിളാകം:** 2025 മെയ് 8,9,10,11 (വ്യാഴം മുതൽ ഞായർ വരെ) എന്നീ തീയതികളിൽ മഞ്ചവിളാകം ബ്രദറൺ സഭാഹാളിൽ വച്ച് സുവിശേഷ യോഗം നടത്തപ്പെട്ടു. ദിവസവും വൈകുന്നേരം 6.30 മുതൽ 9.00 വരെയാണ് യോഗം നടത്തപ്പെട്ടത്. ബ്രദർ ഡോ. പി.എം. ജോർജ്കുട്ടി എരുമേലി, ബ്രദർ വർഗീസ് തോമസ് റാന്നി, ബ്രദർ രാജൻ തോമസ് അടൂർ എന്നിവർ പ്രസംഗിച്ചു. നിയോ മെലോസ് മ്യൂസിക് ഗാനശുശ്രൂഷ ആലപിച്ചു.

## ബൈബിൾ ക്ലാസ്സ് അങ്കമാലി

**അങ്കമാലി:** അങ്കമാലി ക്രിസ്ത്യൻ ബ്രദറൺ ചർച്ച് ഈസ്റ്റ് ഒരുക്കുന്ന ബൈബിൾ ക്ലാസ്സ് 2025 മെയ് 9 വെള്ളി മുതൽ 11 ഞായർ വരെ വൈകിട്ട് 7.00 മണി മുതൽ 8.30 വരെ ക്ലാസ്സുകൾ നടത്തപ്പെട്ടു. ഞായർ വൈകിട്ട് 5.00 മണി മുതൽ 7 മണി വരെയാണ് ക്ലാസ്സുകൾ ഉണ്ടായിരുന്നത്. സുവിശേഷകൻ ചാണ്ടപ്പിള്ള ഫിലിപ്പാണ് ക്ലാസ്സുകൾ നയിച്ചത്. "ത്രിത്വം" എന്നതാണ് ഈ വർഷത്തെ ബൈബിൾ ക്ലാസിന്റെ വിഷയം. ശനിയാഴ്ച രാവിലെ 7.30 മുതൽ 8.30 വരെയാണ് ക്ലാസ്സുകൾ ഉണ്ടായിരുന്നത്.

## ഏകദിന സമ്മേളനം

**കുറ്റിക്കോണം:** സുവിശേഷകൻ ബാലസംഘം പുനലൂർ സെന്റർ നടത്തുന്ന ഏകദിന സമ്മേളനം 2025 മേയ് 1 വ്യാഴം രാവിലെ 10 മുതൽ 3.30 വരെ കുറ്റിക്കോണം ബ്രദറൺ സഭാഹാളിൽ വെച്ച് നടത്തപ്പെട്ടു. "മികച്ചവരാകുക, പരിധികൾക്കപ്പുറത്തേക്കുയരുക" എന്നതാണ് സമ്മേളനത്തിന്റെ തീം. കൂടാതെ കുട്ടികളുടെ വേദ മത്സരങ്ങളിൽ കിഡ്സിന്റെയും, എ ഗ്രൂപ്പിന്റെയും, സി ഗ്രൂപ്പിന്റെയും സംഗീതവും ബി ഗ്രൂപ്പിന്റെ വേദപരിചയവും, ഡി ഗ്രൂപ്പിന്റെ പ്രസംഗവും ഉണ്ടായിരുന്നു. ബ്രദർ ജെയ്സൺ സാം ആണ് ലീഡർ. സമൂഹഗാനം, ബൈബിൾ ക്വിസ്സ് എന്നിവയുടെ ശാഖാ അടിസ്ഥാനത്തിലുള്ള മത്സരങ്ങളും നടത്തിയിരുന്നു.

## ബൈബിൾ ക്ലാസ്സ് പെരുകാവ്

**പെരുകാവ്:** ബ്രദറൺ അസംബ്ലി പെരുകാവ് ബൈബിൾ ക്ലാസ്സ് 2025 മെയ് 22, 23, 24, 25 എന്നീ തീയതികളിൽ ബൈബൾ ക്ലാസ്സ് പെരുകാവ് വച്ച് നടത്തപ്പെട്ടു. വ്യാഴം മുതൽ ഞായർ വരെ വൈകിട്ട് 6.30 മുതൽ 8.30 വരെ സുവിശേഷകൻ ഗെയ്സൻ ആണ് നിർവ്വഹിച്ചത്. "ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ" എന്നതായിരുന്നു വിഷയം.

## സുവിശേഷമഹായോഗവും സംഗീത വിരുന്നും

**കണ്ണാട്ടുമോടി:** കണ്ണാട്ടുമോടി ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ സുവിശേഷമഹായോഗവും സംഗീത വിരുന്നും മെയ് 1 വ്യാഴം സുവി ബോസ് വി. ജി.യുടെ ഭവനാങ്കണത്തിൽ വെച്ച് നടത്തപ്പെട്ടു. വൈകിട്ട് 6.00 മണി മുതൽ 9.00 മണി വരെ സുവി സജ്ജു റ്റി. പോൾ സന്ദേശം നൽകി. ഗോസ്പൽ മിനിസ്ട്രി അറക്കൽ അവതരിപ്പിക്കുന്ന മ്യൂസിക് ഉണ്ടായിരുന്നു. ബ്രദർ മാത്യു ജോൺ, ബ്രദർ ഉണ്ണി തോബിയാസ്, ബ്രദർ ബോസ് വി. ജി., സിസ്റ്റർ ബിൻസി തോമസ് എന്നിവർ ഗാനങ്ങൾ ആലപിച്ചു.

## മദ്യ-ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണ സെമിനാർ

**കൊട്ടാരക്കര:** മദ്യ-ലഹരി ഉപയോഗത്തിനെതിരെ ബി എസ് പി എസ് ഒരുക്കുന്ന ബോധവൽക്കരണ സെമിനാർ കൊട്ടാരക്കര ബ്രദറൺ ഗോസ്പൽ ഹാളിൽ വെച്ച് നടത്തപ്പെട്ടു. 2025 മെയ് 9 ന് രാവിലെ 9.30 മുതൽ 1.00 മണി വരെയാണ് ക്ലാസുകൾ നടത്തപ്പെട്ടത്. ബ്രദർ എം എസ് ഹരി (SCPO DYSP Office), ബ്രദർ ഡോ. ജോൺ ജേക്കബ് (ഡയറക്ടർ) എന്നിവരാണ് ക്ലാസുകൾ നയിച്ചത്.

## സുവിശേഷ യോഗവും സംഗീത വിരുന്നും

**കല്ലറ:** സുവിശേഷ യോഗവും സംഗീത വിരുന്നും 2025 16, 17 എന്നീ തീയതികളിൽ ബഥേൽ ബ്രദറൺ അസംബ്ലിഹാൾ പച്ചയിൽമുക്ക് കല്ലറ വച്ച് നടത്തപ്പെട്ടു. വൈകുന്നേരം 6.30 മുതൽ രാത്രി 8 വരെ സുവിശേഷകന്മാരായ സന്തോഷ് ലൂക്കോസ് പുതുപ്പള്ളി, സ്റ്റാലിൻ ദാസ് മണക്കാല എന്നവർ പ്രസംഗിക്കുകയും ചെയ്തു.

## ലഹഹി വിരുദ്ധ ബോധവൽക്കരണവും ദൈവസ്നേഹ സന്ദേശവും

**കുന്നിക്കോട്:** ലഹരി സാമൂഹിക വിപത്ത് ഗ്രാമ സുവിശേഷീകരണ പ്രവർത്തനം നടത്തുന്ന ലഹരി വിരുദ്ധ ബോധവൽക്കരണവും ദൈവസ്നേഹ സന്ദേശവും 2025 മെയ് 6 ചൊവ്വാ രാവിലെ 8 മുതൽ വൈകിട്ട് 7 വരെ പനമ്പറ്റ, ആവണീശ്വരം, കുന്നിക്കോട് തുടങ്ങിയ 10 കേന്ദ്രങ്ങളിൽ നടത്തപ്പെട്ടു.

## ലഹരി മോചന സന്ദേശവും സംഗീത സന്ധ്യയും

**ആനിക്കാട്:** ചക്കണാംപൊയ്ക സഭ ഒരുക്കുന്ന ലഹരി മോചന സന്ദേശവും സംഗീത സന്ധ്യയും 2025 മെയ് 11 ഞായർ നൂറോമ്മാവ് ജംഗ്ഷൻ ആനിക്കാട് വച്ച് നടത്തപ്പെട്ടു. ബ്രദർ ഡോ. കെ. സി. ജോൺസൺ പ്രസംഗിച്ചു. ബ്രദർ രാജൻ വി. തോമസ് പുനലൂർ, ബ്രദർ സാജു കാലേബ് റാണിമുടി, ബ്രദർ സെബാസ്റ്റിൻ വെങ്കോട്ട, ബ്രദർ ജോബി പാമ്പാടി എന്നിവരാണ് ഗാനശുശ്രൂഷ നിർവ്വഹിച്ചത്.

## 19-മത് ബിലീവേഴ്സ് ഫാമിലി ക്യാമ്പ്

**തമിഴ്നാട്:** പശ്ചിമ തമിഴ്നാട് ബ്രദറൺ അസംബ്ലിയുടെ 19-മത് ബിലീവേഴ്സ് ഫാമിലി ക്യാമ്പ് 2025 സൗത്ത് ഇന്ത്യൻ ബാപ്റ്റിസ്റ്റ് ബൈബിൾ വച്ച് നടത്തപ്പെട്ടു. മെയ് 14 വൈകുന്നേരം 5 മണിക്കും, മെയ് 17 ഉച്ചയ്ക്ക് 2 മണി വരെയുമാണ് ക്യാമ്പ് നടത്തപ്പെട്ടത്. ബ്രദർ ജോൺ കിരുബാകരൻ, ബ്രദർ സജീവ് വർഗീസ് എന്നിവരാണ് പ്രത്യേക പ്രഭാഷകർ.




## സുവിശേഷ ക്യാമ്പ് മണ്ണാത്തിപ്പാറ

**മണ്ണാത്തിപ്പാറ:** മണർകാട് മാസയോഗ യൂണിറ്റിൽ ഉൾപ്പെടുന്ന ബ്രദറൺ സഭകളുടെ ചുമതലയിലും, മണ്ണാത്തിപ്പാറ ബ്രദറൺ സഭയുടെ സഹകരണത്തിലും 2025 മെയ് 8 വ്യാഴം രാവിലെ 9.30 മുതൽ 10 ശനി ഉച്ചയ്ക്ക് 2 മണി വരെ സുവിശേഷക്യാമ്പ് മണ്ണാത്തിപ്പാറയിൽ വെച്ച് നടത്തപ്പെട്ടു. കൂടാതെ പ്രാധാന ശുശ്രൂഷകളായ ഭവന സന്ദർശനം, പരസ്യയോഗം, ബൈബിൾ ക്ലാസ്സ്, വചന ധ്യാനം ഗ്രൂപ്പ് പ്രാർത്ഥന, രാത്രിയോഗങ്ങൾ എന്നിവ ഉണ്ടായിരുന്നു.

## ലഹരി മോചന സന്ദേശവും സംഗീത സന്ധ്യയും

**ചക്കണാംപൊയ്ക:** ചക്കണാംപൊയ്ക സഭയും ബിബ്ലിയ ഇന്റർനാഷണൽ കോട്ടയവും ചേർന്ന് ഒരുക്കുന്ന ലഹരി മോചന സന്ദേശവും സംഗീത സന്ധ്യയും മെയ് 16 വെള്ളി ചക്കണാംപൊയ്ക സഭാങ്കണത്തിൽ വച്ച് നടത്തപ്പെട്ടു. ബ്രദർ ഡോ. ഓ.ജെ ജോൺ കോട്ടയം, ബ്രദർ എം വി ബാബു കല്ലിശേരി എന്നിവർ പ്രസംഗിച്ചു. ബ്രദർ കാലേബ് റാണിമുടി, ബ്രദർ രാജൻ വി തോമസ് എന്നിവർ ചേർന്ന് ഗാനശുശ്രൂഷ നിർവ്വഹിച്ചു.

## സുവിശേഷയോഗവും സംഗീത വിരുന്നും ചിറ്റിക്കോണം

**ചിറ്റിക്കോണം:** ചിറ്റിക്കോണം ബ്രദറൺ സഭയുടെ ചുമതലയിൽ സുവിശേഷയോഗവും സംഗീത വിരുന്നും ചിറ്റിക്കോണം ബ്രദറൺ സഭ ഹാളിൽ വെച്ച് നടത്തപ്പെട്ടു. ഇവാ. മനു മാത്യു ജോൺ വചന ശുശ്രൂഷ നിർവ്വഹിച്ചു. 2025 മെയ് 10,11 (ശനി, ഞായർ) വൈകിട്ട് 6.00 മണി മുതൽ 9.00 മണി വരെയാണ് സുവിശേഷയോഗം നടത്തപ്പെട്ടത്. 11 ഞായർ ഉച്ചക്ക് 2 മണി മുതൽ സൺഡേ സ്കൂളിന്റെയും സുവിശേഷകൻ ബാലസംഘത്തിന്റെയും സംയുക്ത വാർഷികവും ഉണ്ടായിരുന്നു.

## ഏകദിന സമ്മേളനവും കൗൺസിലിങ് ക്ലാസ്സും

**ഇടശ്ശേരിമല:** സുവിശേഷകൻ ബാലസംഘം കുമ്പനാട് സെന്റർ ഒരുക്കുന്ന ഏകദിന സമ്മേളനവും കൗൺസിലിങ് ക്ലാസ്സും ഇടശ്ശേരിമല ബ്രദറൺ ചർച്ചിൽ നടത്തപ്പെട്ടു. 2025 മെയ് 17 ശനി രാവിലെ 9.00 മുതൽ 3.30 വരെയാണ് നടത്തപ്പെടുന്നത്. നേതാക്കളായ ബ്രദർ ജോസഫ് പുനൂസ് കറുകച്ചാൽ, സിസ്റ്റർ നിഷ തോമസ് പൂവത്തൂർ, ബ്രദർ ഷാജി മാത്യു തടിയൂർ ഈ സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. ബ്രദർ സ്റ്റാൻലി ജി, സിസ്റ്റർ ലിൻസി സ്റ്റാൻലി സംഗീതം ആലപിക്കുകയും ചെയ്തു. ഇത് കൂടാതെ കുട്ടികളുടെ വേദമത്സരങ്ങളും ഉണ്ടായിരുന്നു.

## സുവിശേഷ പ്രഭാഷണവും സംഗീത വിരുന്നും

**ശ്രീനിപുരം:** കനകപ്പാലം ബ്രദറൺ സഭ ഒരുക്കുന്ന സുവിശേഷ പ്രഭാഷണവും സംഗീത വിരുന്നും 2025 മെയ് 3, 4 (ശനി, ഞായർ) എന്നീ ദിവസങ്ങളിൽ വൈകിട്ട് 6.30 മുതൽ 8.30 വരെ ശ്രീനിപുരം കോളനി 3 സെന്റ് വച്ച് നടത്തപ്പെട്ടു. ഇവാ. ജോബി ജെയിംസ് കണമല, ഇവാ. പി എസ് തമ്പാൻ റാന്നി എന്നിവർ പ്രസംഗിച്ചു. ബ്രദർ ഹെവൻലി ഹാർപ്പ് ഗാനങ്ങൾ ആലപിച്ചു.

## ലഹരി മോചന സന്ദേശവും സംഗീത സന്ധ്യയും

**ചേലക്കൊമ്പ്:** ചക്കണാംപൊയ്ക ബ്രദറൺ ചർച്ച് ഒരുക്കുന്ന ലഹരി മോചന സന്ദേശവും സംഗീത സന്ധ്യയും 2025 മെയ് 10 ശനി ചേലക്കൊമ്പ് വച്ച് നടത്തപ്പെട്ടു. ബ്രദർ ബിനു കെ. വർഗ്ഗീസ് പ്രസംഗിച്ചു. ബ്രദർ സെബാസ്റ്റ്യൻ വെങ്കോട്ട, ബ്രദർ ജോബി പാമ്പാടി, റ്റി. ജെ. തോമസ് വാളക്കുഴി, ബ്രദർ തങ്കച്ചൻ മാത്യു എന്നിവർ ഗാനശുശ്രൂഷ നിർവ്വഹിച്ചു.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം
YESUVINTE JEEVAVACHANAM

Date of Publications : 25.05.2025
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26

അക്ഷരത്തിലൂടെ ആത്മാക്കൾ

## ബൈബിൾ ക്ലാസ്സ് നടത്തി

**കൊല്ലിയോട്:** കൊല്ലിയോട് ബ്രദറൺ സഭ ഒരുക്കുന്ന ബൈബിൾ ക്ലാസ്സ് 2025 മെയ് 16 വെള്ളി മുതൽ 18 ഞായർ വരെ കൊല്ലിയോട് ബ്രദറൺ സഭാഹാളിൽ വച്ച് നടത്തപ്പെട്ടു. വൈകിട്ട് 6.00 മണി മുതൽ 9.00 വരെയാണ് ക്ലാസ്സുകൾ നടത്തപ്പെട്ടത്. "അടിസ്ഥാന ഉപദേശങ്ങൾ" എന്നതാണ് ഈ ബൈബിൾ ക്ലാസിലെ വിഷയം. ഇവാ. ഡോ. കെ. സി. ജോൺസനാണ് ക്ലാസ്സുകൾ നയിച്ചത്. ബൈബിൾ ക്ലാസിന്റെ ഭാഗമായി ഗാനശുശ്രൂഷ ഉണ്ടായിരുന്നു.

## ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പുതിയ അധ്യയന വർഷം 2025 മെയ് 5 ന് ആരംഭിച്ചു. ഈ അധ്യാന വർഷം 23 സഹോദരന്മാരും ഒരു സഹോദരിയും ഉൾപ്പെടെ 46 വിദ്യാർത്ഥികളുണ്ട്. വിദൂര വിദ്യാഭ്യാസത്തിലൂടെ വചനം പഠിക്കാനുള്ള അവസരവും ഉണ്ട്. വിശ്വാസികളും അസംബ്ലികളും ഈ ശുശ്രൂഷക്കായി പ്രാർത്ഥിക്കുക. വിശദമായ വിവരങ്ങൾക്കായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക. www.bbiindia.org ഓൺലൈൻ അപേക്ഷാ ഫോമിനും പ്രോസ്പെക്ടസിനും ദയവായി വിളിക്കുക. പ്രിൻസിപ്പൽ ബ്രദർ ഡോ. കെ.സി. ജോൺസണുമായി ബന്ധപ്പെടുക.

ബ്രദർ ഡോ. കെ.സി. ജോൺസൺ – +91 9447265500
email:bbi@bbiindia.org
ബ്രദർ റോയ് മാത്യൂസ് – +97455519650, +91 9447290100
ബ്രദർ ഒ.ടി. ചെറിയാൻ – +91 9961318605.

## വൈ. എം. ഇ. എഫ് കുമ്പനാട്

**കുമ്പനാട്:** വൈ. എം. ഇ. എഫ് കുമ്പനാട് സെന്റർ നയിക്കുന്ന ലഹരി വിരുദ്ധ സന്ദേശ യാത്ര 2025 മെയ് 6 രാവിലെ 8.30 മുതൽ വൈകുന്നേരം 5 മണി വരെ കിടങ്ങന്നൂർ മുതൽ മല്ലപ്പള്ളി വരെ പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ലഹരി വിരുദ്ധ യാത്ര നടത്തപ്പെട്ടു.

## ഏകദിന ക്യാമ്പ്

**ആനിക്കാട്:** മോചനം 2025 ചക്കണ്ണാം പൊയ്ക ബ്രദറൺ ചർച്ചും പെനിയേൽ ഗോസ്പൽ മിനിസ്ട്രീസ് ഈരയും ചേർന്ന് ഒരുക്കുന്ന ഏകദിന ക്യാമ്പ് മെയ് 3 വ്യാഴം ആനിക്കാട് വച്ച് നടത്തപ്പെട്ടു. ബ്രദർ സജി ജോസഫ് ചമ്പക്കുളം, ബ്രദർ സജിമോൻ ഈര എന്നിവർ പ്രസംഗിച്ചു. ബ്രദർ റ്റി. ജെ. തോമസ് വാളക്കുഴി, ബ്രദർ രാജൻ വി തോമസ് പുനലൂർ എന്നിവർ ഗാന ശുശ്രൂഷ നിർവ്വഹിച്ചു.

## സോദരി സമാജം

**പത്തനംതിട്ട:** ദൈവഹിതമായാൽ, പത്തനംതിട്ട സുവിശേഷാലയത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന സോദരി സമാജം, 2025 മെയ് 3 ശനി രാവിലെ 10 മണി മുതൽ സുവിശേഷാലയത്തിൽ വച്ചു നടത്തപ്പെട്ടു.

## ബൈബിൾ ക്ലാസ് കുമ്പനാട്

**കുമ്പനാട്:** കുമ്പനാട് ബ്രദറൺ സഭ ഒരുക്കുന്ന ബൈബിൾ ക്ലാസ് 2025 മെയ് 15, 16, 17 (വ്യാഴം മുതൽ ശനി വരെ) എന്നീ തീയതികളിൽ ബൈബിൾ ക്ലാസ്സുകൾ നടത്തപ്പെട്ടു. വൈകിട്ട് 6.30 മുതൽ 8.00 മണി വരെയാണ് ക്ലാസ്സുകൾ നടത്തപ്പെട്ടത്. സുവി. ഡാനിയൽ വർഗീസ് പുനലൂർ ആണ് ക്ലാസ് നയിച്ചത്. "ദൈവസഭയും വിശ്വാസികളുടെ ഉത്തരവാദിത്വങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ബൈബിൾ ക്ലാസുകൾ നടത്തപ്പെട്ടത്.

## സുവിശേഷ മഹായോഗവും സംഗീത വിരുന്നും വാളക്കുഴി

**വാളക്കുഴി:** നാരകത്താനി ഗ്രേസ് ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിലും, പ്രാദേശിക ബ്രദറൺ സഭകളുടെയും, തിരുവല്ല ഗോസ്പൽ മ്യൂസിക് ഫെസ്റ്റിന്റെയും സഹകരണത്തിലും നടത്തപ്പെടുന്ന 2025 മെയ് 15,16,17 (വ്യാഴം മുതൽ ശനി വരെ) എന്നീ തീയതികളിൽ സുവിശേഷ മഹായോഗവും സംഗീത വിരുന്നും വാളക്കുഴി വച്ച് നടത്തപ്പെട്ടു. വൈകിട്ട് 6.00 മണി മുതൽ 9.00 മണി വരെയാണ് സുവിശേഷ മഹായോഗം നടത്തപ്പെട്ടത്. സുവി. പി. ജി. ജെയിംസ് തണ്ണിത്തോട്, സുവി. ഷിബു ജോൺ രാജസ്ഥാൻ, സുവി. ചാണ്ടപ്പിള്ള ഫിലിപ്പ് കോട്ടയം, സുവി. ഡോ. ജോൺ മാത്യു രാജസ്ഥാൻ, സുവി. കെ. വി. ഏബ്രഹാം രാജസ്ഥാൻ എന്നിവർ സുവിശേഷ മഹായോഗത്തിൽ പ്രസംഗിച്ചു. ഡിവൈൻ സിംഗേഴ്സ് എഴുമറ്റൂർ ഗാനശുശ്രൂഷ നിർവ്വഹിച്ചു.

## സുവിശേഷ പ്രഭാഷണവും സംഗീത വിരുന്നും കണ്ണൂർ

**കണ്ണൂർ:** കണ്ണൂർ ഏബനേസർ ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ സുവിശേഷ പ്രഭാഷണവും സംഗീതവിരുന്നും 2025 മെയ് 7 ന് വൈകുന്നേരം 5.30 മുതൽ 7.30 വരെ കണ്ണൂർ ഏബനേസർ ബ്രദറൺ ചർച്ച് അങ്കണത്തിൽ വച്ച് നടത്തപ്പെട്ടു.

## സ്പെഷ്യൽ ബൈബിൾ ക്ലാസ്സ്

**മല്ലശ്ശേരി:** സ്പെഷ്യൽ ബൈബിൾ ക്ലാസ്സ് 2025 മെയ് 8 വ്യാഴം മുതൽ 10 ശനി വരെ വൈകുന്നേരം 6.30 മുതൽ 8.30 വരെ മല്ലശ്ശേരി ബ്രദറൺ സഭാഹാളിൽ വച്ച് നടത്തപ്പെട്ടു. സുവി റെജി കെ. തോമസ് നെല്യാടി ആണ് ക്ലാസുകൾ നയിച്ചത്. "കർത്താവിന്റെ ഗിരിപ്രഭാഷണം" എന്നതാണ് ബൈബിൾ ക്ലാസ്സിന്റെ തീം.

## ധ്യാനയോഗം പത്തനംതിട്ട

**പത്തനംതിട്ട:** പത്തനംതിട്ട സുവിശേഷാലയത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന ധ്യാന യോഗം 2025 മെയ് 10 ശനി രാവിലെ 10 മണി മുതൽ സുവിശേഷാലയത്തിൽ വച്ചു നടത്തപ്പെട്ടു.

## സുവിശേഷ മഹായോഗം

**പുതുപ്പാടി:** സുവിശേഷ മഹായോഗം പുതുപ്പാടി ബ്രദറൺ കൺവൻഷൻ 2025 മെയ് 8 വ്യാഴം മുതൽ 10 ശനി വരെ വൈകുന്നേരം 6.30 മുതൽ 9 മണി വരെ പുതുപ്പാടി ബ്രദറൺ സഭാഹാൾ അങ്കണത്തിൽ നടത്തപ്പെട്ടു. ബ്രദർ പി.സി. വർഗ്ഗീസ് എറണാകുളം, ബ്രദർ ബോബി തോമസ് മുക്കൂട്ടുത്തറ എന്നിവരാണ് പ്രസംഗകർ. ബെഥേൽ വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിച്ചു.

## ബൈബിൾ ക്ലാസ് പറന്തൽ

**പറന്തൽ:** 2025 മെയ് 9, 10 വെള്ളി, ശനി എന്നീ തീയതികളിൽ പറന്തൽ ബ്രദറൺ അസംബ്ലി ഹാളിൽ വച്ച് പ്രത്യേക ബൈബിൾ ക്ലാസ് നടത്തപ്പെട്ടു. സുവിശേഷകൻ വി. പി. പൗലോസാണ് ബൈബിൾ ക്ലാസുകൾ നയിച്ചത്.

JUSTIN'S HOME
DISABILITY CENTER
Kaviyoor P. O Thiruvalla – 689582
Ph: 944 6513 555, 994 7119 040
justinshome@sathyam.org, sathyam.org

WE CARE FOR BODY AND SOUL




Specially Trained Teachers | Specially Doctors | Special Education
Qualified, Experienced & Committed Staff | Occupational Therapy
Special Attention to each Student | Extra Curricular Activities
Vocational Training & Counselling | Free Education & Care
Specially Designed Classrooms | Visiting Teachers from Abroad
School Bus Facility | Serene Campus | Innovative Curriculam
Physiotherapy | Speech Therapy | Attravtive Toys for childern
Interactive Electronic Games (Wii) | Creative Play | Sensory Room
NIOS Examination | Guidance & Support for Parents | Music & Band
Audio Visual Aids | Well- Equipped Physio GYM | Workshop & Seminars

How can you be a Partner in the Works of JUSTIN'S HOME?
- Your Prayerand Support Needed for Someone Who is Special.
- Sponsor Childer's Orthotics and Mobility Aids.
- Sponsor the Purchase of School Bus.
- Donate Generously Towards the Purchase of Suitable Land for Various projects under Justin's home.
- Contributetoward the Development of Building and Infrastructure.

Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.